Rs. 8.00

# ഓശാന

# HOSANNA

April - June 2015 Vol. 40 Issue 3

ഏപ്രിൽ - ജൂൺ 2015

(3) ഓശാനയുടെ രണ്ടാം ജന്മം
ചില ചിന്തകൾ - ജോസഫ് പുലിക്കുന്നേൽ
(6) ചർച്ച് ആക്ട് - ജോസഫ് പുലിക്കുന്നേൽ
(16) വത്തിക്കാന്റെ ദുഃഖം - മുരളി പാറപ്പുറം
(21) ഫ്രാൻസിസ് മാർപാപ്പായുടെ
മതസങ്കല്പം - മാത്തുക്കുട്ടി തകടിയേൽ
(25) ചിന്തിപ്പിക്കുന്ന ഫ്ളക്സ് ബോർഡുകൾ
- ജയിംസ് ഐസക്
(28) ക്രിസ്തുവിന്റെ അധികാരദർശനം
- വർഗീസ് ആന്റണി
(33) ആളുകളെ ആടുകളാക്കരുത്
- ഫാ. ജയിംസ് ഗുരുദാസ്
(37) സന്യാസ സുവർണജൂബിലിയും
സഭാ നവീകരണവും - ഫാ.ഡേവീസ് കാച്ചപ്പിള്ളി
(40) ഒരു കത്ത് - സെബാസ്റ്റ്യൻ മാത്യു
(42) www.josephpulikunnel.com സജീവമായി

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

# HOSANA
**(Quarterly)**

Vol. 40 Issue 3 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**
Printed & published by:
**Joseph Pulikunnel**
Phone(O) : **04822 - 236269, 237137**
Mob : **9447196214**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com

അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് | ഇന്ത്യയിൽ | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and
Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel

**April - June 2015**


# സുവിശേഷം

“എന്റെ സഹോദരരേ, ഒരാൾ തനിക്കു വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കയും ചെയ്താൽ എന്താണു പ്രയോജനം? അയാളുടെ വിശ്വാസത്തിന്ന് അയാളെ രക്ഷിക്കാൻ കഴിയുമോ? വേണ്ടത്ര വസ്ത്രമോ അനുദിന ആഹാരമോ ഇല്ലാതെ കഴിയുന്ന സഹോദരന്നോ സഹോദരിക്കോ, അവരുടെ ശരീരത്തിന്നു വേണ്ടതൊന്നും കൊടുക്കാതെ, അവരോട്, സമാധാനത്തിൽ പോകുക, തണുപ്പകറ്റുക, വയറുനിയെ ഭക്ഷണം കഴിക്കുക, എന്നു നിങ്ങളിൽ ഒരാൾ പറഞ്ഞാൽ എന്താണ് അതുകൊണ്ട് പ്രയോജനം? അതിനാൽ പ്രവൃത്തികളില്ലാത്ത വിശ്വാസം അതിൽ തന്നെ നിർജീവമാണ്. ‘നിനക്കു വിശ്വാസമുണ്ട്, എനിക്കു പ്രവൃത്തികളും’ എന്ന് ഒരാൾ പറഞ്ഞേക്കാം. പ്രവൃത്തികൾ കൂടാതെയുള്ള നിന്റെ വിശ്വാസം എനിക്കു കാണിച്ചു തരുക. എന്റെ വിശ്വാസംപ്രവൃത്തികൾ വഴി ഞാൻ പ്രകടമാക്കാം, ദൈവം ഏകനാണെന്നു നീ വിശ്വസിക്കുന്നു; നല്ല കാര്യം. പിശാചുക്കളും അങ്ങനെ വിശ്വസിക്കുന്നുണ്ട്; ഭയപ്പെട്ടു വിറയ്ക്കുന്നുമുണ്ട്. അല്ലയോ മൂഢാ, പ്രവൃത്തിയിലില്ലാത്ത വിശ്വാസം വന്ധ്യമാണെന്നു നിനക്കു കാണണമെന്നുണ്ടോ? സ്വപുത്രൻ ഇസഹാക്കിനെ ബലിപീഠത്തിന്മേൽ അർപ്പിച്ചപ്പോൾ നമ്മുടെ പിതാവായ അബ്രാഹാം പ്രവൃത്തികൾ വഴിയല്ലേ നീതീകരിക്കപ്പെട്ടത്? അയാളുടെ പ്രവൃത്തികളോടൊപ്പം വിശ്വാസവും സജീവമായിരുന്നു. ആ വിശ്വാസം പ്രവൃത്തികൾവഴി പൂർത്തീകരിക്കപ്പെട്ടുവെന്നും നീ കാണുന്നുണ്ടല്ലോ. ‘അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അയാൾക്കു നീതിയായി പരിഗണിക്കപ്പെട്ടു’ എന്ന വിശുദ്ധലിഖിതം നിറവേറി. അയാൾ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെട്ടു.”

(യാക്കോ. 2 : 14-23)

# ഓശാനയുടെ രണ്ടാം ജന്മം ചില ചിന്തകൾ

**ജോസഫ് പുലിക്കുന്നേൽ**

ഏകദേശം ഒമ്പതു മാസത്തെ ദീർഘനിദ്രക്കുശേഷം ഓശാന വീണ്ടും അവതരിച്ചു. പല വിധത്തിലുള്ള അഭിപ്രായങ്ങളാണ് ഇതിനകം ലഭിച്ചി രിക്കുന്നത്. 39 വർഷത്തെ അനുഭവങ്ങളും പേറിയാണ് വീണ്ടും ഓശാന പ്രസിദ്ധീകരിച്ചത്.

ആദ്യ ലക്കം ഓശാനയുടെ പ്രസിദ്ധീകരണത്തിനുശേഷം സഭയ്ക്കു ള്ളിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്താണ് ഓശാനയുടെ രണ്ടാം ജന്മ ത്തിലെ താളുകളിൽ എഴുതുന്നത്. ഓശാനയുടെ ജന്മനാളുകളിൽ ഉണ്ടാ യിരുന്ന പലതും ഇന്ന് അപ്രത്യക്ഷമായി. സഭയെക്കുറിച്ചുള്ള കാഴ്ചപ്പാ ടുകൾ തന്നെ ഇന്ന് വ്യത്യസ്തമായിരിക്കുന്നു. രണ്ടാം വത്തിക്കാൻ സൂന ഹദോസിന്റെ സമാപനത്തോടുകൂടി വളരെയധികം പ്രത്യാശകൾ അന്ന് സഭാ മക്കളിൽ നിലവിലുണ്ടായിരുന്നു. മാറ്റങ്ങളുടെ ധ്രുവനക്ഷത്രം അന്ന് റോമിൽ പ്രകാശിതമായി. ആ പശ്ചാത്തലത്തിലാണ് ഓശാന ആരംഭി ക്കുന്നത്. സഭയെക്കുറിച്ച് ഉണ്ടായിരുന്ന പൂർവധാരണകളെ തിരുത്തിക്കു റിച്ച് ഒരു പുതിയ ചിന്താധാര സഭയിൽ ഉൾപ്രവേശിച്ചു. അപ്രമാദിത്വ ത്തിന്റെ ക്ഷണിക പ്രലോഭനങ്ങളിൽനിന്നും സഭ പതുക്കെ പതുക്കെ രക്ഷപെട്ടിരുന്നു, കത്തോലിക്കർക്കുമാത്രമായി പ്രത്യേകതയൊന്നുമില്ല എന്ന് ഇന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നു. അസ്തിത്വവാദികളായ എല്ലാ ജനങ്ങൾക്കും ഒരു ദൈവമേയുള്ളൂ. കത്തോലിക്കാ സഭയിലൂടെ മാത്രമേ ആത്മരക്ഷ ഉണ്ടാവുകയുള്ളൂ എന്ന പൂർവപക്ഷം പൂർണമായും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മാർപാപ്പായുടെ അപ്രമാദിത്വം ഇന്ന് വേദപാഠത്തിന്റെ ഏതോ കോണിൽ ആരും ശ്രദ്ധിക്കാതെ കിടക്കുന്നു. മധ്യകാല നൂറ്റാണ്ടുകളിൽ വളർന്നു വികസിച്ച ഭക്തിപ്രസ്ഥാനം കാണ ക്കാണെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കർമപ്രധാനമായ ഒരു ക്രൈസ്തവ ജീവിതത്തെക്കുറിച്ചാണ് ഇന്ന് സഭ ചിന്തിക്കുന്നത്. സ്വർഗ ത്തിലേക്കുള്ള വാതിൽ ഭക്തിയല്ല; മറിച്ച് കർമമാണ് എന്ന് ഇന്ന് സഭ ചിന്തിക്കാൻ ആരംഭിച്ചിരിക്കുന്നു.

2000 കൊല്ലങ്ങൾക്കുമുമ്പ് നസ്രായന്റെ നാവിൽനിന്നും മൊഴിഞ്ഞ പഠ നങ്ങളും ജീവിത വീക്ഷണവും ദൈവ വീക്ഷണവും ആണ് മനുഷ്യമനസ്സിനെ പ്രചോദിപ്പിക്കുന്നതെന്ന ആശയം സഭയ്ക്കുള്ളിൽ വളർന്നു വരുന്നു. നസ്രാ യന്റെ പഠനങ്ങളുടെ തനിമയെ തേടി ഇന്ന് ക്രൈസ്തവ മനസ്സാക്ഷി യാത്ര ആരംഭിച്ചിരിക്കുന്നു. ഭീഷണിയുടെ ശബ്ദമല്ല, മറിച്ച് അനുരഞ്ജന ത്തിന്റെയും വിട്ടുവീഴ്ചയുടെയും സഹിഷ്ണുതയുടേയും സ്വരമാണ് ഫ്രാൻസിസ് മാർപാപ്പായുടെ നാവിൽനിന്നും നാം കേൾക്കുന്നത്. വേദ

പാഠ പുസ്തകവും തിയോളജിയും മനുഷ്യജീവിതത്തെ കെട്ടിപ്പടുക്കുന്ന കല്ലുകളാണെന്ന ചിന്ത ഇന്ന് അസ്തമിച്ചുകൊണ്ടിരിക്കുന്നു. കർമത്തിന്റെ പാത ആയിരുന്നു യേശുവിന്റെ പാത എന്ന തിരിച്ചറിവ് ഇന്ന് വിശ്വാസികളിൽ ഉദിച്ചിരിക്കുന്നു. യേശുവിന്റെ സഹനത്തെക്കുറിച്ചുള്ള ദീർഘപ്രഭാഷണങ്ങൾക്ക് ഇന്ന് പ്രസക്തിയില്ലാതെയായിരിക്കുന്നു. കാണാതെ പഠിച്ച പ്രാർഥനകളുടെ പ്രാധാന്യം ഇന്ന് സഭയിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. കൂദാശകൾവഴി മാത്രമാണ് ദൈവാനുഗ്രഹം പ്രവഹിക്കുക എന്ന പൂർവകാല ചിന്ത ഇന്ന് കർമമാർഗങ്ങൾക്ക്വഴിമാറിക്കഴിഞ്ഞിരിക്കുന്നു.

സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജീർണതകളെ എതിർക്കുക എന്നുള്ളതായിരുന്നു ആരംഭം മുതൽ ഓശാനയുടെ ലക്ഷ്യം. ഇത് വളരെയധികം പേരെ തെറ്റിദ്ധരിപ്പിച്ചിരുന്നു. “സഭാസ്നേഹികൾ” ഇവയെല്ലാം സഭാദ്രോഹമാണെന്ന് പരസ്യമായി പറഞ്ഞുപോന്നു. എങ്കിലും മാറ്റത്തിന്റെ ഈ സ്വരം കേൾക്കാൻ ധാരാളംപേർ സന്നദ്ധരായി. സഭയെ നശിപ്പിക്കലല്ല, ക്രിസ്തുവിന്റെ പഠനങ്ങളെ ജനമുമ്പിൽ അവതരിപ്പിക്കുകയായിരുന്നു ഓശാനയുടെ ലക്ഷ്യം. 2000 കൊല്ലത്തെ പാരമ്പര്യമുള്ള കേരളസഭയ്ക്ക് തനതു പാരമ്പര്യങ്ങളെയും പഠനങ്ങളെയും അതിന്റെ തനിമയിൽ ജനമുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇതിനുമുമ്പു നടന്നിട്ടില്ല.

“സംക്ഷിപ്തവേദാർഥ”ത്തിൽ ഉറച്ചുനിന്നാണ് ക്രൈസ്തവികതയ്ക്ക് അർഥം കൽപിച്ചുപോന്നത്. കേരളത്തിൽ ഇന്ന് അനേകം സഭകൾ ഉണ്ട്. എപ്പിസ്കോപ്പൽ സഭകളാണ് അവയിൽ പ്രധാനം. ഈ അടുത്തകാലത്ത് ആരംഭിച്ച പെന്തക്കോസ്ത് സഭകൾ ചരിത്രത്തെ പൂർണമായും അവഗണിച്ചുകൊണ്ട് ക്രൈസ്തവികതയ്ക്ക് ഒരു പുതിയ മാനം കൊടുക്കാൻ ഇന്ന് പരിശ്രമിക്കുന്നു. എങ്കിലും അവരുടെ സ്വരം വളരെ നേർത്തതാണ്. അവർ ക്രിസ്തുവിനെക്കുറിച്ചു പറയുന്നുണ്ടെങ്കിലും ജീവിത രീതികൾ ക്രിസ്തുവിൽനിന്നും അന്യമാണ്. ക്രിസ്തു അവർക്കൊരു പൂജാ വിഗ്രഹമാണ്. യേശുവിന്റെ കർമപ്രധാനമായ ജീവിതത്തെയല്ല അവർ പിന്തുടരുന്നത്. മറിച്ച്, പ്രെയ്സ് ദി ലോർഡുകളും ഹല്ലേലൂയാകളുംകൊണ്ട് യേശുവിനെ ആരാധിക്കാനാണ് അവർക്കു താല്പര്യം.

ക്രിസ്തുവിൽനിന്നും അകന്ന് പുണ്യവാന്മാരെ മാതൃകയാക്കിയാണ് കത്തോലിക്കാ സഭ ഇക്കാലമത്രയും പ്രവർത്തിച്ചുപോന്നത്. പുണ്യവാന്മാരുടെ പുണ്യപ്രവർത്തികൾ പ്രഘോഷിച്ച് മനുഷ്യ ജീവിതത്തെ കരുപിടിപ്പിക്കുകയായിരുന്നു സഭയുടെ ലക്ഷ്യം. പുണ്യവാന്മാരുടെ മധ്യസ്ഥതയിൽ കാര്യങ്ങൾ തീർക്കാനാണ് സഭാസ്നേഹികൾ പരിശ്രമിച്ചുപോന്നത്. കാൽവരിയിലെ സഹനത്തിൽനിന്നും ഉൾക്കൊണ്ട ആധ്യാത്മികോർജമല്ല മറിച്ച്, ചാവറ കുര്യാക്കോസിന്റെയും അൽഫോൻസാമ്മയുടെയും സഹനങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള പുണ്യങ്ങളാണ് പ്രധാനങ്ങളെന്നുള്ള സന്ദേശം സഭയിലെമ്പാടും പ്രചരിച്ചുപോന്നു. തങ്ങ

ളുടെ ആവശ്യങ്ങൾക്ക് ക്രിസ്തു 'മതിയായവൻ' അല്ലെന്നും പുണ്യവാന്മാരുടെ ശുപാർശയിലാണു കാര്യസാധ്യം ഉണ്ടാകുന്നതെന്നും ചിന്തിക്കുന്ന തലമുറയെ കഴിഞ്ഞ പല വർഷങ്ങളായി സഭ വളർത്തിയെടുത്തു.

ഇതിൽനിന്നെല്ലാം വ്യത്യസ്തമായി മറ്റാരുടെയും ശുപാർശയില്ലാതെ ക്രിസ്തുവിനെ നേരിൽ കാണുകയും മനസ്സിലാക്കുകയും ചെയ്യുകയാണ് ക്രൈസ്തവികത എന്ന സന്ദേശമാണ് ഓശാന നൽകിയത്. ഇതിനായി വിശ്വാസികളുടെ മുമ്പിൽ ബൈബിൾ തുറന്നുവച്ചു കൊടുത്തു. അതു കുറെയെല്ലാം സഭയുടെ കാഴ്ചപ്പാടുകൾ മാറാൻ കാരണമായി. ക്രിസ്തു കേന്ദ്രീകൃതമായ ഒരു മതമായിരിക്കണം ക്രിസ്തുമതം എന്ന ചിന്ത സഭയ്ക്കുള്ളിൽ വളർന്നുവന്നു. ഭക്തി അനുഷ്ഠാനങ്ങളല്ല മറിച്ച് മനുഷ്യസേവനപരമായ കർമങ്ങളാണ് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന മൂല്യം എന്ന തത്വത്തിലേക്ക് സഭ കാണക്കാണെ മാറിക്കൊണ്ടിരിക്കുന്നു. സഭാധികാരവും ആ വഴിയെ ചലിക്കുന്നതിന് ആരംഭിച്ചുകഴിഞ്ഞു. ഈ ചലനം സഫലമായി നടത്തുന്നതിനായിരിക്കും ഭാവിയിലും ഓശാന ശ്രദ്ധിക്കുക.

മനുഷ്യസേവനപരമായ വളരെയധികം കർമപദ്ധതികൾ ഇന്ന് സഭയ്ക്കുണ്ട്. പക്ഷേ അവ സ്ഥാപനാകാരങ്ങളാണ്. സ്ഥാപനാകാരമായ ഈ സേവന സ്ഥാപനങ്ങൾ ഇന്ന് അധികാരത്തിന്റെ ചട്ടക്കൂട്ടിലാണ് പ്രവർത്തിക്കുന്നത്. തൽഫലമായി പലപ്പോഴും അവ ക്രിസ്തുവിന് എതിർസാക്ഷ്യങ്ങളായി പ്രവർത്തിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരസേവന സ്ഥാപനങ്ങളും ഇന്ന് ആരെയാണ് സേവിക്കുന്നതെന്ന് കണ്ണുതുറന്നു കാണാൻ സഭയ്ക്കു കഴിയണം. സമൂഹത്തിൽ തങ്ങളുടെ സ്വാധീനത്തിന്റെ വല വിരിക്കാനാണ് ഇവ ഉതകുന്നത്. അല്ലെങ്കിൽ അതിനുവേണ്ടിയാണ് ഈ സ്ഥാപനങ്ങൾ പണുതുയർത്തിയിരിക്കുന്നത്. അവയുടെ നടത്തിപ്പ് ഇന്ന് പുരോഹിതരുടെ കുത്തകയാണ്. അതായത് സമൂഹത്തിൽ പുരോഹിതരുടെ സ്ഥാനം ഉറപ്പിക്കലാണ് ഇവയുടെ ലക്ഷ്യം.

ആഗോള സഭയെ നമുക്കിവിടെ വിടാം. ഫ്രാൻസിസ് മാർപാപ്പായുടെ മൗലികദൗത്യങ്ങളെ നമുക്കേറ്റെടുക്കാം. നമുക്ക് ഇപ്പോൾ പ്രസക്തമായിരിക്കുന്നത് കേരള സഭയാണ്. എന്തെല്ലാം മാറ്റങ്ങൾ കേരളസഭയിൽ ആവശ്യമാണെന്ന ചിന്ത അങ്ങേയറ്റം സ്വാഗതാർഹമാണ്. ഓശാനയെ സംബന്ധിച്ചിടത്തോളം പ്രധാനമായ ദൗത്യം ആഗോള സഭയിൽ വരുന്ന മാറ്റങ്ങളെ കേരള സഭ സ്വാഗതം ചെയ്യുകയും അവ നടപ്പിലാക്കുന്നതിന് വഴിയൊരുക്കുകയുമാണ്. ആഗോള സഭയിൽ വരുന്ന മാറ്റങ്ങൾ കേരളസഭയിൽ ഉൾപ്രവേശിക്കാൻ കുറച്ചുകാലം പിടിക്കും. എങ്കിൽപോലും കേരളസഭയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# ചർച്ച് ആക്ട്

## ജോസഫ് പുലിക്കുന്നേൽ

ഓരോ സഭയ്ക്കും അതിന്റേതായ തനിമകളുണ്ട്. കേരള സഭയും (സീറോ മലബാർ സഭയും, സീറോ മലങ്കര സഭയും) അതിന്റേതായ പാരമ്പര്യങ്ങൾ വച്ചുപുലർത്തിപ്പോന്നു. ആ പൂർവ പാരമ്പര്യങ്ങളിലേക്ക് മടങ്ങിപ്പോകുന്നതിനെക്കുറിച്ച് ഓരോ സഭകളും ചിന്തിക്കണമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ഓർമിപ്പിക്കുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇങ്ങനെ പറയുന്നു : *"സാർവത്രിക സഭ പൗരസ്ത്യസഭകളോടു വളരെ അധികം കടപ്പെട്ടിരിക്കുന്നു. ഇതിന് ചരിത്രവും പാരമ്പര്യങ്ങളും എണ്ണമറ്റ സഭാസ്ഥാപനങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. സഭാപരവും ആദ്ധ്യാത്മികവുമായ പിതൃത്വത്തിനെ കൗൺസിൽ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇതിനെ ക്രിസ്തുവിന്റെ സാർവത്രികസഭയുടെതായി പരിഗണിക്കുകയും ചെയ്യുന്നു. അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകളെപ്പോലെതന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. .....*

*നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കുവേണ്ടി മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽ വരുത്താവുന്നതല്ല, അതിനാൽ ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർതന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കയും പൂർണമായി ആചരിക്കുകയും വേണം. കാലത്തിന്റേയോ വ്യക്തികളുടേയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണികപാരമ്പര്യത്തിലേയ്ക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്."* (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, മൂന്നാം പതിപ്പ്, പേജ് 158)

ആദിമസഭയിൽ ക്രിസ്തുവിനു ശേഷം ശിഷ്യന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയി സുവിശേഷ പ്രഘോഷണം നടത്തി. അന്ന് സഭയ്ക്ക് പൊതുവായ പ്രത്യേക ശിക്ഷണക്രമങ്ങളും ആരാധനാരീതികളും ഉണ്ടായിരുന്നില്ല. ആദിമനൂറ്റാണ്ടുകളിൽ സഭ വികസിച്ചത് റോമാ സാമ്രാജ്യത്തിനുള്ളിലായിരുന്നു. രണ്ടാം നൂറ്റാണ്ടോടുകൂടിയാണ് ഓരോ സഭകൾക്കും പ്രത്യേകമായ ശിക്ഷണക്രമങ്ങളും ആരാധനാക്രമങ്ങളും ഉരുത്തിരിഞ്ഞത്. റോമൻ സാമ്രാജ്യം മൂന്നാം നൂറ്റാണ്ടിൽ രണ്ടായി വിഭജിക്കപ്പെട്ടു. റോമാ കേന്ദ്രമാക്കിയുള്ള പാശ്ചാത്യ റോമാ സാമ്രാജ്യവും കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രീകൃതമായ പൗരസ്ത്യ റോമാ സാമ്രാജ്യവും.

ഇക്കാര്യത്തിൽ പൗരസ്ത്യ സഭകൾക്ക് പ്രത്യേകതയുണ്ടായിരുന്നു. ഇന്ന് സഭയിൽ കാണുന്ന ആരാധനാരീതികളിൽ മിക്കതും പൗരസ്ത്യ സഭകളുടെ സംഭാവനയായിരുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് (നാലാം നൂറ്റാണ്ടിൽ) റോമാ സാമ്രാജ്യം ക്രൈസ്തവ സഭയെ അംഗീകരിച്ചതിനുശേഷം എല്ലാ സഭകളും സാമ്രാജ്യത്തിനു കീഴിൽ ഒന്നായിരിക്കണമെന്നുള്ള ചിന്തയിൽ സഭയിൽ പ്രത്യേകമായ ഭരണരീതികളും ശിക്ഷണക്രമങ്ങളും ഏർപ്പെടുത്തി. ഇന്ന് പാശ്ചാത്യ സഭയെന്ന് അറിയപ്പെടുന്ന സഭയുടെ നാലാം നൂറ്റാണ്ടിനുശേഷമുള്ള വളർച്ച റോമാ സാമ്രാജ്യത്തിൽ ഉരുത്തിരിഞ്ഞ ഹൈരാർക്കിക്കൽ ഭരണരീതി സ്വീകരിച്ചതിനു ശേഷമാണ് ആരംഭിച്ചത്. അധികാരപരമായ കേന്ദ്രീകരണം അക്കാലഘട്ടത്തിൽ ഉണ്ടായ സവിശേഷതയാണ്. റോമാ സാമ്രാജ്യത്തിന്റെ കേന്ദ്രീകൃത ഭരണരീതിയെ അംഗീകരിച്ചുകൊണ്ട് അതേ ഭരണരീതിയാണ് റോമൻ സഭയിലും ഉരുത്തിരിഞ്ഞത്. ദൈവശാസ്ത്രവും ഘടനയുമെല്ലാം ഒന്നാം നൂറ്റാണ്ടുമുതൽ നാലാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ വികസിച്ചു. സഭയിലെ അതിപ്രധാനങ്ങളായ ദൈവശാസ്ത്ര പ്രശ്നങ്ങൾ നാലാം നൂറ്റാണ്ടിന്റെ സൃഷ്ടിയാണ്. റോമിൽ കേന്ദ്രീകൃതമായ ഭരണരീതി വിഭജനങ്ങളെ തടുത്തുനിർത്തി. റോമിലെ മെത്രാന്റെ കീഴിൽ സഭകളെല്ലാം ഒന്നാണെന്ന കാഴ്ചപ്പാട് ഈ കാലഘട്ടത്തിലാണ് ഉരുത്തിരിഞ്ഞത്. പൗരസ്ത്യ സഭകൾ ഓരോന്നായി റോമാ സഭയിൽ നിന്നും വേർപിരിഞ്ഞു. കാരണം റോമാസഭ പ്രധാനമായും ഏകശാസനാധികാരമുള്ള റോമൻ കേന്ദ്രീകൃതമായ സഭയായിരുന്നു. അന്ത്യോഖ്യയും അലക്സാണ്ട്രിയായും കോൺസ്റ്റാന്റിനോപ്പിളുമെല്ലാം റോമൻ ഭരണരീതി സ്വീകരിച്ചുകൊണ്ട് വളർന്നു. ഏഴാം നൂറ്റാണ്ടോടുകൂടി അധികാരപരമായ ഈ വിഭജനം കൂടുതൽ കൂടുതൽ ശക്തി പ്രാപിച്ചു. റോമാ, അന്ത്യോഖ്യ, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ട്രിയ എന്നീ പാത്രിയർക്കേറ്റുകളിൽ ഏതാണ് പ്രധാനമെന്ന ചോദ്യം ഉയർന്നുവന്നു. കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രീകൃതമായ പൗരസ്ത്യസഭയാണ് റോം കഴിഞ്ഞാൽ രണ്ടാം സ്ഥാനി എന്ന് തീരുമാനിക്കപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിൾ രണ്ടാം റോം ആയി കണക്കാക്കി കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് രണ്ടാം സ്ഥാനിയായി നിശ്ചയിക്കപ്പെട്ടു. ദൈവശാസ്ത്രപരമായ ഭിന്നതകളുണ്ടായപ്പോൾ ഓരോ പാത്രിയർക്കാമാരും അവരവരുടേതായ രീതികൾ സ്വീകരിച്ചു. അങ്ങനെ പാശ്ചാത്യ സഭയെന്നും പൗരസ്ത്യ സഭയെന്നും അറിയപ്പെടുന്ന രണ്ടു വിഭാഗം സഭകൾ ഉണ്ടായി.

ആദിമനൂറ്റാണ്ടിൽതന്നെ ക്രിസ്തുവിന്റെ സുവിശേഷം ഭാരതത്തിൽ പ്രചരിച്ചതായി തെളിവുകളുണ്ട്. ഭാരതസഭ ഒരു പാത്രിയർക്കായുടെയും കീഴിലായിരുന്നില്ല. അതിന് സ്വയംഭരണാവകാശമുണ്ടായിരുന്നു. നാലാം നൂറ്റാണ്ടായപ്പോഴേക്കും കോൺസ്റ്റാന്റിനോപ്പിളും മറ്റു പാത്രിയർക്കാമാരും തമ്മിൽ ദൈവശാസ്ത്രപരമായ ഭിന്നതയുണ്ടായി.

റോമൻ സാമ്രാജ്യത്തോട് അടുത്തു കിടന്നിരുന്ന രാജ്യമായിരുന്നു പേർഷ്യ. അന്ത്യോഖ്യയിൽ നിന്നും മിഷനറിമാർ പേർഷ്യയിലെത്തി

പേർഷ്യൻ സഭ സ്ഥാപിച്ചു. അന്ത്യോഖ്യയിൽനിന്നായിരുന്നു പേർഷ്യൻ സഭ ആദ്യമൊക്കെ മെത്രാന്മാരെ സ്വീകരിച്ചിരുന്നത്. റോമൻ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും തമ്മിൽ അധികാരപരമായ തർക്കങ്ങളുണ്ടായിരുന്നു. പേർഷ്യൻ സഭ അന്ത്യോഖ്യയിൽനിന്നും മെത്രാന്മാരെ സ്വീകരിക്കുന്നത് സംശയദൃഷ്ടിയോടുകൂടിയാണ് പേർഷ്യൻ ചക്രവർത്തി കണ്ടത്. തന്മൂലം അഞ്ചാം നൂറ്റാണ്ടോടുകൂടി പേർഷ്യൻ മെത്രാന്മാർ സൂനഹദോസു കൂടി സെലൂഷ്യ-സ്റ്റെസിഫോൺ എന്ന സ്വതന്ത്ര സഭ സ്ഥാപിച്ചു. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിന്റെ ദൈവശാസ്ത്രമായിരുന്നു പേർഷ്യൻ സഭ സ്വീകരിച്ചത്. നെസ്തോറിയൻ ദൈവശാസ്ത്രത്തെ റോമൻ സഭ അപലപിച്ചു. കന്യകാമറിയം ക്രിസ്തുവിന്റെ മാത്രം മാതാവാണെന്നും ദൈവത്തിന്റെ അമ്മയല്ലെന്നും നെസ്തർ പ്രഖ്യാപിച്ചു. ഇതിനോട് റോമൻ സഭ വിയോജിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിനും ഇക്കാര്യത്തിൽ എതിർപ്പുണ്ടായിരുന്നു. ക്രിസ്തുവിന് ഏകസ്വഭാവമാണുണ്ടായിരുന്നതെന്നും അന്ത്യോഖ്യൻ സഭ പ്രഖ്യാപിച്ചു. അങ്ങനെ ദൈവശാസ്ത്രപരമായി പേർഷ്യൻ സഭ ഇതര പൗരസ്ത്യ സഭകളിൽനിന്നും വ്യത്യസ്തമായി. നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചിരുന്ന പേർഷ്യൻ സഭ അനേകം മിഷനറിമാരെ പേർഷ്യക്ക് പുറത്തുള്ള ഭൂപ്രദേശങ്ങളിലേക്ക് അയച്ചു. അങ്ങനെ അവർ ഇന്ത്യൻ സഭയുമായും ബന്ധപ്പെട്ടു. പേർഷ്യൻ ചക്രവർത്തി സാപ്പോർ ക്രിസ്തുമത വിശ്വാസികളെ പീഢിപ്പിക്കാനാരംഭിച്ചു. പീഢനത്തിൽനിന്നും രക്ഷപ്രാപിക്കാൻ കുറെ ക്രൈസ്തവ കുടുംബങ്ങൾ കച്ചവടക്കാരൻ തോമ്മായുടെ (ക്നായി തൊമ്മൻ) നേതൃത്വത്തിൽ കേരളത്തിൽ കുടിയേറിപാർത്തു. അങ്ങനെ ആദ്യമായി ഭാരത സഭ ഇന്ത്യക്കു പുറത്തുള്ള ഒരു ക്രൈസ്തവസമൂഹവുമായി ബന്ധപ്പെട്ടു. പേർഷ്യൻ സഭ ഘടനാപരമായി റോമൻ സഭയുടെ രീതികൾ സ്വീകരിച്ചി രുന്നു. മെത്രാന്മാർ രാജകീയ പ്രതാപത്തോടെയാണ് സഭയെ ഭരിച്ചിരുന്നത്.

പേർഷ്യക്കാർ ഇവിടെയെത്തിയപ്പോൾ തികച്ചും വ്യത്യസ്തമായ ഭരണരീതിയുള്ള ക്രൈസ്തവരെയാണ് കണ്ടത്. മാമ്മോദീസ, കുർബാന മുതലായ കൂദാശകൾക്ക് പ്രത്യേകമായ ക്രമങ്ങളൊന്നും അന്ന് ഇന്ത്യൻ സഭയിൽ ഉണ്ടായിരുന്നില്ല. സാമ്പത്തികമായി വളരെയധികം വളർച്ച പ്രാപിച്ച ഒരു സഭയാണ് അന്ന് കേരളത്തിൽ ഉണ്ടായിരുന്നത്. കുടിയേറ്റക്കാരായ പേർഷ്യൻ ക്രിസ്ത്യാനികളുടെ പ്രേരണയനുസരിച്ച് കേരള സഭ പേർഷ്യൻ മെത്രാന്മാരെ കേരളത്തിലേക്ക് ക്ഷണിച്ചു. കേരള ക്രിസ്ത്യാനികൾ പേർഷ്യൻ ക്രിസ്ത്യാനികളോടൊപ്പം ചേർന്ന് പേർഷ്യൻ മെത്രാന്മാരെ സ്വീകരിക്കുകയും ആരാധനാക്രമങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. മാത്രമല്ല, അവരുടെ ക്രമമനുസരിച്ച് പുരോഹിതരെ തെരഞ്ഞെടുക്കുകയും അവരെ പേർഷ്യൻ ആരാധനാക്രമമനുസരിച്ചുള്ള സുറിയാനി ഭാഷ പഠിപ്പിക്കുകയും ചിലർക്ക് പട്ടം കൊടുക്കുകയും ചെയ്തു. എന്നാൽ പേർഷ്യൻ ക്രമമനുസരിച്ച് മെത്രാന്മാർക്ക് മാത്രമേ കുർബാന അനുഷ്ഠിക്കാൻ (റാസ) അനുവാദമുണ്ടായിരുന്നുള്ളൂ.

പേർഷ്യൻ മെത്രാന്മാർ കേരളത്തിൽ വരുമ്പോൾ കൂദാശ സമർപ്പണത്തിൽ പേർഷ്യൻ മെത്രാന്മാരെ സഹായിക്കുക മാത്രമാണ് കേരളത്തിലെ പുരോഹിതർ ചെയ്തിരുന്നത്.

കേരളീയ ക്രൈസ്തവർക്ക് അന്ന് ഒരു തലവനുണ്ടായിരുന്നു. ആർച്ച് ഡീക്കൻ എന്നാണ് അദ്ദേഹത്തെ പേർഷ്യക്കാർ വിളിച്ചിരുന്നത്. അദ്ദേഹം ജാതിക്കുകർത്തവ്യനായിരുന്നു. അദ്ദേഹത്തിനുപോലും കുർബാനപട്ടം കൊടുത്തിരുന്നില്ല. പേർഷ്യൻ കുർബാന സമ്പ്രദായം അനുസരിച്ച് മെത്രാനെ സഹായിക്കാൻ ഒരു ആർച്ച് ഡീക്കൻ ആവശ്യമായിരുന്നു. ആ പദവി മാത്രമാണ് കേരളസഭയ്ക്ക് പേർഷ്യക്കാർ നല്കിയത്. അവരുടെ ക്രമമനുസരിച്ച് മാമ്മോദീസ മെത്രാന്മാരുടെ അധികാരത്തിൽപെട്ടതായിരുന്നു. അങ്ങനെ വിദേശീയരായ പേർഷ്യക്കാർ കേരളത്തിൽ വരുകയും മാമ്മോദീസ മുക്കുകയും കുർബാന അനുഷ്ഠിക്കുകയും ചെയ്തുപോന്നു. അതിനായി ഒരു വലിയ തുക കേരളത്തിൽനിന്നും പിരിച്ചെടുത്തിരുന്നു. അത് ദരിദ്രരായ പേർഷ്യൻ സഭാ മെത്രാന്മാർക്ക് വലിയ സഹായവുമായിരുന്നു.

കേരളസഭാഭരണം നടത്തിയിരുന്നത് ഓരോ ഇടവകയിലേയും യോഗക്കാരായിരുന്നു. പുരോഹിതരെ തെരഞ്ഞെടുത്തിരുന്നത് ഇവടകക്കാരാണ്. മെത്രാന്മാർ കേരള സഭയിൽ ഉണ്ടായിരുന്നില്ല. ആ സ്ഥാനം ജാതിക്കുകർത്തവ്യനായിരുന്നു. അങ്ങനെ മറ്റ് പാത്രിയർക്കാ സഭകളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ഭരണരീതി ആയിരുന്നു കേരളസഭയ്ക്കുണ്ടായിരുന്നത്. ഏഴാം നൂറ്റാണ്ടായപ്പോഴേക്കും മറ്റു പാശ്ചാത്യ സഭയിൽനിന്നും മിഷനറിമാർ ഭാരതത്തിൽ വന്നു തുടങ്ങി. പേർഷ്യൻ സഭയും റോമൻ സഭയും തമ്മിലുണ്ടായിരുന്ന അധികാരതർക്കം ഇവിടെയും പ്രകാശിതമായി. പോർട്ടുഗീസുകാർ റോമൻ സഭയ്ക്ക് അതിശക്തരായ പിന്തുണക്കാരായിരുന്നു. പോർട്ടുഗീസുകാർ കച്ചവടത്തിനായി കേരളത്തിലുമെത്തി. അവർ കേരള സഭയിൽ പേർഷ്യൻ മെത്രാന്മാർക്കുള്ള സ്വാധീനവും സ്ഥാനവും മനസ്സിലാക്കി. അവരെ സംബന്ധിച്ചിടത്തോളം നെസ്തോറിയരായ പേർഷ്യൻ മെത്രാന്മാർ അനഭിമതരായിരുന്നു. റോമിൽനിന്നും എത്തിയ മിഷനറിമാർ ലത്തീൻ ഭാഷയിലാണ് കുർബാന ചൊല്ലിയിരുന്നത് (ലത്തീൻ റീത്ത്). പേർഷ്യൻ മെത്രാന്മാരാകട്ടെ സുറിയാനിയിലും. പോർട്ടുഗീസുകാർ കേരളവുമായുള്ള കച്ചവടത്തിൽ ശക്തി പ്രാപിച്ചു. കേരളീയ രാജാക്കന്മാർ ഓരോരുത്തരേയും പോർട്ടുഗീസ് രാജ്യത്തിന്റെ പിന്തുണക്കാരാക്കി. അറബികളായിരുന്നു കേരളവുമായുള്ള കച്ചവടത്തിൽ പ്രമുഖർ. ഇസ്ലാംമതം നേരത്തെതന്നെ കേരളത്തിൽ ശക്തിപ്രാപിച്ചിരുന്നു. മുസ്ലീമുകളുടെ കേന്ദ്രമായിരുന്ന കോഴിക്കോടുമായിട്ടായിരുന്നു പോർട്ടുഗീസുകാരുടെ ആദ്യബന്ധം. അറബികളുടെ പിന്തുണക്കാരായിരുന്ന കോഴിക്കോട് സാമൂതിരിയും പോർട്ടുഗീസുകാരുമായി യുദ്ധത്തിൽ ഏർപ്പെട്ടു. തുടർന്ന് പോർട്ടുഗീസുകാർ കേര

ളത്തിലെ മറ്റൊരു നാട്ടുരാജ്യമായ കൊച്ചിയുമായി ബന്ധപ്പെട്ടു. കോഴിക്കോടിനു തെക്കുള്ള ചെറിയ ചെറിയ നാട്ടുരാജ്യങ്ങൾ പോർട്ടുഗീസുകാരുടെ സ്വാധീനത്തിൻകീഴിലായിരുന്നു. ഇതിനിടെ പോർട്ടുഗീസുകാർ ഗോവ അവരുടെ ആസ്ഥാനമായി സ്വീകരിക്കുകയും അവിടെ മെത്രാപ്പോലീത്തായെ നിയമിക്കുകയും ചെയ്തു. കേരളസഭയുടെ ഭരണം പോർട്ടുഗീസ് രാജാവിന് (പദ്രുവാദോ) വിട്ടു കൊടുത്തു. പേർഷ്യൻ മെത്രാന്മാരും അന്ന് കേരളത്തിൽ ഉണ്ടായിരുന്നു. പോർട്ടുഗീസ് മെത്രാൻ അലക്സിസ് മെനേസിസിന്റെ നേതൃത്വത്തിൽ ഉദയംപേരൂരിൽ 1599-ൽ ഒരു പള്ളിപ്രതിപുരുഷയോഗം (സൂനഹദോസ്) വിളിച്ചുകൂട്ടി. ആ യോഗത്തിൽവെച്ച് കേരളസഭയുടെ തലവൻ റോമിലെ പോപ്പാണെന്ന് പ്രഖ്യാപിച്ചു. പേർഷ്യൻ മെത്രാന്മാരെ കേരളസഭ സ്വീകരിക്കരുതെന്ന് കല്പനയായി. അങ്ങനെ പേർഷ്യൻ മെത്രാന്മാരിൽ നിന്നും കേരള സഭ രക്ഷപെട്ടു. തുടർന്ന് പോർട്ടുഗലിൽനിന്നും മെത്രാന്മാരേയും പുരോഹിതരേയും നിയമിച്ച് അവർ പള്ളികൾ പിടിച്ചടക്കി. അവർ ഏകാധിപത്യസ്വഭാവത്തോടുകൂടി കേരള ക്രിസ്ത്യാനികളെ ഭരിക്കാൻ ആരംഭിച്ചു. ഇതിനെ പ്രതിഷേധിച്ച് ജാതിക്കുകർത്തവ്യനായ തോമ്മായുടെ നേതൃത്വത്തിൽ കേരളത്തിലെ ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ (1563) കൂടിച്ചേർന്ന് തങ്ങളും തങ്ങളുടെ ഭാവിതലമുറകൾ ഉള്ളിടത്തോളംകാലം പോർട്ടുഗീസ് മെത്രാന്മാരുടെ കീഴിൽ ഇരിക്കുകയില്ലെന്ന് സത്യപ്രതിജ്ഞ ചെയ്തു. കൂനൻ കുരിശുസത്യം എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന ഈ പ്രഖ്യാപനമായിരുന്നു വിദേശീയർക്കെതിരെ ഇന്ത്യക്കാർ നടത്തിയ ആദ്യത്തെ സമരം. ഇതോടുകൂടി പോർട്ടുഗീസുകാർക്ക് കേരളം വിടേണ്ടിവന്നു.

പോർട്ടുഗീസ് മിഷനറിമാർ നേരത്തെതന്നെ കേരള തീരത്തെത്തി മുക്കുവരെ മാനസാന്തരപ്പെടുത്തിയിരുന്നു. അവരെ സുറിയാനി ക്രിസ്ത്യാനികളിൽനിന്നും വേർതിരിച്ച് അവർക്ക് പ്രത്യേക ആരാധനാ സമ്പ്രദായവും ഭരണരീതിയും ഏർപ്പെടുത്തി. മെത്രാന്മാരെയും നിയമിച്ചു. അങ്ങനെ ഭാരതത്തിൽ ലത്തീൻ റീത്തിന് പ്രാരംഭമിട്ടു. അങ്ങനെ രണ്ടു വിദേശ സഭകൾ കേരളസഭയുടെ ചരിത്രത്തിൽ ഇടപെട്ടു. ഒന്ന്. പേർഷ്യൻ സഭ. 2. റോമൻ സഭ. റോമൻ സഭയ്ക്ക് അധികകാലം കേരളസഭയിൽ പിടിച്ചുനിൽക്കാനായില്ല. എങ്കിലും റോമൻ സഭ കേരളസഭയുടെമേൽ ആധിപത്യം വച്ചുപുലർത്തി. റോമൻസഭ ശക്തിപ്പെട്ടതോടുകൂടി പേർഷ്യൻസഭ കേരളത്തിൽനിന്നും പൂർണമായും യാത്രചൊല്ലി. കേരളത്തിൽ രണ്ടു റീത്തുകാരായ ക്രിസ്ത്യാനികൾ അപ്പോൾ ഉണ്ടായിരുന്നു. ഒന്ന് സുറിയാനിയിൽ പ്രാർഥനാക്രമങ്ങൾ സ്വീകരിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനികൾ. രണ്ട് ലത്തീൻ ആരാധനാക്രമം അംഗീകരിച്ചിരുന്ന ലത്തീൻ റീത്തുകാർ. അവരിൽ ബഹുഭൂരിപക്ഷവും പോർട്ടുഗീസ് മിഷനറിമാർ മാനസാന്തരപ്പെടുത്തിയവരായിരുന്നു. ഉദയംപേരൂർ സൂനഹദോസിനുശേഷം ആദ്യമെല്ലാം ലത്തീൻ റീത്ത് സ്വീകരിച്ചിരുന്ന

മെത്രാന്മാരായിരുന്നു കേരള സഭയെ ഭരിച്ചിരുന്നത്. റോമായുടെ (പ്രൊപ്പഗാന്റാ) ഭരണത്തിനെതിരെ ഏതദ്ദേശീയ ക്രിസ്ത്യാനികൾ പല സമരങ്ങളും നടത്തി. 19-ാം നൂറ്റാണ്ടിൽ സ്വയംഭരണാധികാരത്തിനുവേണ്ടിയുള്ള ഈ സമരം അവസാനിക്കുകയും ഇന്ത്യയ്ക്ക് സുറിയാനി റീത്ത് റോം അനുവദിക്കുകയും ചെയ്തു. അവർക്കായി ഏതദ്ദേശീയ മെത്രാന്മാരെയും നിയമിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസ് വരെ ഈ സമ്പ്രദായം തുടർന്നു. ഇന്നു കേരളത്തിൽ റോമൻ മാർപാപ്പായുടെ കീഴിൽ മൂന്ന് റീത്ത് ക്രിസ്ത്യാനികളുണ്ട്. 1. സീറോ മലബാർ റീത്ത്, 2. ലത്തീൻ റീത്ത്, 3. മലങ്കര സുറിയാനി റീത്ത്. ഈ മൂന്നു റീത്തുകളും കാലത്തിന്റേയും വ്യക്തികളുടേയും ഇടപെടൽമൂലം കേരളസഭയുടെ തനിമ നശിപ്പിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖയിൽ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള പ്രഖ്യാപനം സ്വീകരിച്ചുകൊണ്ട് കേരളസഭയെ ഒരു പൗരസ്ത്യ സഭയായി അംഗീകരിച്ച് അവരുടെ തനിമയിലേയ്ക്ക് കൊണ്ടുപോകാനുള്ള പരിശ്രമം ആരംഭിച്ചു.

ഇതിനിടെ പൗരസ്ത്യ സഭകൾക്കായി മാർപാപ്പായുടെ അധ്യക്ഷതയിൽ റോമിൽ ഒരു സമിതി രൂപവത്ക്കരിക്കപ്പെട്ടു. പൗരസ്ത്യതിരുസംഘം എന്നായിരുന്നു ഈ സംഘത്തിന്റെ പേര്. പൗരസ്ത്യസഭകളുടെ ഭരണകാര്യങ്ങളിൽ ഈ സമിതിയാണ് തീരുമാനമെടുത്തിരുന്നത്. കേരളസഭയെ പൗരസ്ത്യസഭയായി കണക്കാക്കി പൗരസ്ത്യസംഘത്തിന്റെ ഭരണത്തിൻകീഴിൽ കൊണ്ടുവന്നു. ഇതിനിടെ കേരളസഭ പൗരസ്ത്യസഭയല്ലെന്നുള്ള വാദം കേൾക്കുന്നതിന് റോമ തയ്യാറായില്ല. പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ കീഴിലുണ്ടായിരുന്ന സഭകളെയാണ് പൗരസ്ത്യ സഭകൾ എന്നു വിളിച്ചിരുന്നത്. ഭാരതസഭ പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ കീഴിലായിരുന്നില്ല.

സീറോമലബാർ സഭയ്ക്ക് പൗരസ്ത്യകാനോൻ നിയമം ബാധകമാക്കിക്കൊണ്ട് മാർപാപ്പാ എഴുതിയ പ്രസ്താവനയിൽ ഇങ്ങനെ കാണുന്നു: *"In such a wondrous variety of rites, that is, in the liturgical, theological, spiritual and disciplinary patrimony of the individual Churches, which from venerable traditions take their origin from Alexandria, Antioch, Armenia, Chaldea and Constantinople, the sacred canons deservedly are considered to be clearly a conspicuous part of this same patrimony, which constitutes a single and common foundation of canons for ordering all of the Churches. Nearly every Eastern collection of disciplinary norms specifically referred to and invoked the sacred canons as the principle sources of law. They already numbered more than five hundred before the Council of Chalcedon, and they were determined or recognized by higher authority as primary law of the Church. It was always clear to the individual Churches that any ordering*

*of ecclesiastical discipline had strength in those norms, which flowed from traditions acknowledged by the supreme authority of the Church or were contained in canons promulgated by the same authority, and that the rules of particular law have force if in accord with the higher law; however, to be null if departing from it.*

*"Fidelity to this sacred patrimony of ecclesiastical discipline brings it about that, among so many and so great vexations and adversities which the Eastern Churches have suffered, whether in antiquity or more recent times, neverthless the proper countenance of the East is to be observed in its entirety, and this indeed happened to take place not without great benefit to souls" (AAS 66 [1974] 245). The clear words of Paul VI of blessed memory delivered in the Sistine Chapel before the first Plenary Assembly of the members of the Commission for the Revision of the Code of Eastern Canon Law echo those of the Second Vatican Council concerning "the greatest fidelity" which decreed that the same disciplinary patrimony be observed by all of the Churches, requiring also that "thety take pains to return to the ancestral traditions," if in certain ones "because of circumstances if times or personages they have improperly fallen away from them" (OE 6).*

*Distinctly there is placed in a clear light by Second Vatican Council that especially a religious fidelity to the ancient traditions along with "prayers, example of life, mutual and better knowledge, collaboration and fraternal esteem for objects and attitudes," bring it about that the Eastern Churches having full communion with the Apostolic Roman See, fulfill "a special task of fostering the unity of all Christians, especially Eastern Christians" (OE 24), according to the principles of the decree on ecumenism."* (Code of Canons of the Eastern Churches, Page xi, xii)

പൗരസ്ത്യ കാനോൻ നിയമം ഏതെല്ലാം സഭകൾക്കാണ് ബാധകമായിരിക്കുന്നതെന്ന് അർഥശങ്കയ്ക്കിടയില്ലാതെ മാർപാപ്പാ ഈ മുഖവുരയുടെ ആദ്യ ഭാഗത്തുതന്നെ പ്രഖ്യാപിക്കുന്നുണ്ട്. അലക്സാണ്ട്രിയ, അന്ത്യോഖ്യാ, അർമേനിയ, കാൽഡിയ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ സഭകളുടെ പാരമ്പര്യങ്ങൾ സ്വീകരിച്ചിട്ടുള്ള സഭകൾ മാത്രമാണ് പൗരസ്ത്യസഭകൾ എന്നാണ് കാനോൻ നിയമം കണക്കാക്കുന്നത്. ഇവിടെ മാർപാപ്പാ പരാമർശിച്ചിട്ടുള്ള ഒരു സഭയുടെയും പാരമ്പര്യം ഭാരതസഭയ്ക്കില്ല. പേർഷ്യൻ സഭയുമായി മൂന്നാം നൂറ്റാണ്ടുമുതൽ ബന്ധപ്പെട്ടിരുന്നെങ്കിലും ആ സഭയുടെ പാരമ്പര്യവും ഭാരതസഭയ്ക്കില്ല. തോമസ് അപ്പോസ്തലനാൽ സ്ഥാപിക്കപെട്ട അപ്പോസ്തലിക സഭയാണ് ഭാരതസഭ. റോമാ സഭയുടെയും പൗരസ്ത്യസഭയുടേയും പാരമ്പര്യങ്ങളൊന്നും ഭാരതസഭയുടേ

തല്ല. കൽദായ കുർബാനക്രമവും റോമൻ കുർബാനക്രമവും ഭാരതസഭയുടെ പാരമ്പര്യത്തിൽപെട്ടതല്ല. പേർഷ്യൻ സഭാ പാരമ്പര്യം അനുസരിച്ച് മെത്രാന്മാർക്കു മാത്രമേ കുർബാന ചൊല്ലാനുള്ള അനുവാദം ഉണ്ടായിരുന്നുള്ളൂ. കേരളസഭയിലെ പുരോഹിതർക്കോ ആർച്ചു ഡീക്കനോ പോലും കുർബാന ചൊല്ലുന്നതിന് അധികാരമുണ്ടായിരുന്നില്ല. പോർട്ടുഗീസുകാർ ഇന്ത്യയിൽ വരുമ്പോൾ ഇന്ത്യയിലെ കത്തനാരന്മാർ കൽദായ ക്രമത്തിൽ കുർബാന ചൊല്ലിയിരുന്നു എന്നതിന് യാതൊരു തെളിവുമില്ല. കാലത്തിന്റെയും വ്യക്തികളുടെയും ഇടപെടൽ മൂലമാണ് കൽദായ കുർബാനക്രമവും ലത്തീൻ കുർബാനക്രമവും ഇന്ത്യൻ സഭയിൽ ബലമായി സ്ഥാപിക്കപ്പെട്ടത്. അങ്ങനെവരുമ്പോൾ ഭാരതസഭ ഒരു പൗരസ്ത്യസഭയല്ല. റോമിനോടൊപ്പം പാരമ്പര്യമുള്ള ഒരു അപ്പോസ്തലിക സഭയാണ്. നിർഭാഗ്യവശാൽ ഭാരതസഭയ്ക്ക് കൽദായ സഭാപാരമ്പര്യമാണെന്ന് വാദിച്ചുകൊണ്ടാണ് കൽദായ കുർബാനക്രമം ഭാരതസഭയുടെമേൽ പൗരസ്ത്യതിരുസംഘം അടിച്ചേൽപിച്ചത്. കൽദായസഭ എന്ന് അറിയപ്പെടുന്ന പേർഷ്യൻ സഭയുടെ ഒരു വിഭാഗം 15-ാം നൂറ്റാണ്ടോടുകൂടിയാണ് റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. അങ്ങനെ പുനരൈക്യപ്പെട്ട സഭയ്ക്ക് ഭാരതസഭയുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല. ഭാരതസഭയ്ക്ക് ഉണ്ടെന്നു പറയപ്പെടുന്ന ബന്ധം നെസ്തോറിയൻ സഭ എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന പേർഷ്യൻ സഭയോടായിരുന്നു. പേർഷ്യൻ സഭാപാരമ്പര്യവും മാർപാപ്പായുടെ പാരമ്പര്യനിർവചനത്തിൽ ഉൾപ്പെടുന്നില്ല. പിന്നെയെങ്ങനെയാണ് നെസ്തോറിയൻ കുർബാനക്രമം (കൽദായകുർബാനക്രമം) കേരളസഭയുടെ പാരമ്പര്യമായത്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭാ സ്വാതന്ത്ര്യത്തിലേയ്ക്ക് തുറന്നുവച്ച വാതായനത്തിലൂടെ പേർഷ്യൻ സഭയെ ഭാരതസഭയുടെ പാരമ്പര്യത്തിലേയ്ക്ക് കടത്തിവിടുകയാണ് പൗരസ്ത്യതിരുസംഘം ചെയ്തത്. അതിന് നമ്മുടെ കുറെ മെത്രാന്മാർ കൂട്ടുനിൽക്കുകയുണ്ടായി. ചരിത്രം പഠിച്ച് സത്യം കണ്ടുപിടിച്ച് തിരുത്തേണ്ടതാണ്. വിദേശസഭകൾ ഭാരതസഭയുടെമേൽ നടത്തിയ കയ്യേറ്റങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇങ്ങനെ വിവരിക്കുന്നു.: "*അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകളെപ്പോലെതന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. ..... നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ.*"

രണ്ടാം വത്തിക്കാൻ സൂനഹദോസ് പൗരസ്ത്യ സഭകൾക്കു നൽകിയ സ്വാതന്ത്ര്യത്തിൽ പ്രധാനപ്പെട്ടവയാണ് ആരാധനാക്രമങ്ങളും ശിക്ഷണക്രമങ്ങളും. ഇവയിൽ ആരാധനാക്രമം മാത്രമാണ് പ്രത്യേകമെന്നു കരുതി ഭാരതസഭയുടെമേൽ കൽദായകുർബാനക്രമം അടിച്ചേല്പിക്കു

കയാണുണ്ടായത്. ശിക്ഷണക്രമം വരുമ്പോൾ അവിടെ ഭാരതസഭയ്ക്കു കിട്ടിയത് പൗരസ്ത്യ കാനോൻ നിയമമാണ്. ഭാരതസഭയുടെ പുരാതന പാരമ്പര്യത്തിനും ആധുനിക പാരമ്പര്യത്തിനും ഇടവകയോഗത്തിന് അതിപ്രധാനമായ സ്ഥാനം ഉണ്ടായിരുന്നു.

ഇടവകഭരണത്തെക്കുറിച്ച് ഫാ. കൂടപ്പുഴ ഇങ്ങനെ എഴുതുന്നു: *"ഇടവകയുടെ ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശീയവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായം ചെന്ന ആളാണ് പള്ളിയോഗത്തിന്റെ അധ്യക്ഷൻ. അദ്ദേഹം തന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയ ജീവിതം മുഴുവന്റെയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. വ്യക്തികളെ സഭാസമൂഹത്തിൽനിന്ന് തല്ക്കാലത്തേക്ക് പുറന്തള്ളുവാനുള്ള അധികാരവും പള്ളിയോഗത്തിനുണ്ടായിരുന്നു. സഭ ദൈവജനമാണെന്ന അടിസ്ഥാനതത്വവും സഭാഭരണത്തിലുള്ള കൂട്ടുത്തരവാദിത്വവും പള്ളിയോഗം പ്രസ്പഷ്ടമാക്കിയിരുന്നു. വിദേശമിഷനറിമാർ മാർത്തോമ്മാനസ്രാണികളുടെ പള്ളിയോഗത്തെപ്പറ്റി വിശദീകരിക്കുന്നുണ്ട്. എന്നാൽ ഈ നസ്രാണിപാരമ്പര്യത്തെ അവഗണിച്ചുകൊണ്ടാണ് അവർ പാശ്ചാത്യരീതിയിൽ ഭരിച്ചിരുന്നത്."* (ഭാരത സഭാചരിത്രം, വിപുലീകരിച്ച നാലാം പതിപ്പ്, ഫാ. സേവ്യർ കൂടപ്പുഴ, പേജ് 294)

(ഫാ. കൂടപ്പുഴ മാത്രമല്ല ഫാ. പ്ലാസിഡ് തുടങ്ങിയ സഭാചരിത്രകാരന്മാരെല്ലാവരും ഭാരതസഭയുടെ ഈ പ്രത്യേകശിക്ഷണക്രമത്തെക്കുറിച്ച് പറയുന്നുണ്ട്)

കാൽഡിയൻ ആരാധനാക്രമം ഭാരതസഭയുടെ പാരമ്പര്യമാണെന്ന് ഉദ്ഘോഷിച്ചുകൊണ്ട് കാൽഡിയൻ കുർബാനക്രമം ഭാരതസഭയുടെ മേൽ കെട്ടിവെച്ച റോമായും അതിനുകൂട്ടുനിന്ന ഭാരതമെത്രാന്മാരും ഈ പ്രത്യേക ശിക്ഷണക്രമത്തെകണ്ടില്ലെന്നു നടിക്കുന്നു. മാത്രമല്ല പൗരസ്ത്യ കാനോൻ നിയമം എന്ന പേരിൽ ഒരു കാനോൻ നിയമം ഭാരതസഭയ്ക്ക് പ്രഖ്യാപിക്കുകയും ചെയ്തു. ഈ കാനോൻ നിയമം ഭാരതസഭയുടെ പാരമ്പര്യത്തെ ഒട്ടുംതന്നെ കണക്കിലെടുക്കുന്നുമില്ല. മറ്റെല്ലാ സഭയിൽനിന്നും വ്യത്യസ്തമായ ഒരു ആരാധനാക്രമമായിരുന്നു ഭാരതസഭയ്ക്കുണ്ടായിരുന്നത്. ദൈവജനമാണ് സഭ എന്ന കാഴ്ചപ്പാടാണ് ഭാരതസഭയുടെ പാരമ്പര്യത്തിൽ അതിപ്രധാനം. ഈ പൂർവപാരമ്പര്യം പുനസ്ഥാപിക്കുന്നതിനുവേണ്ടിയാണ് ചർച്ച് ആക്ട് വേണമെന്ന് സഭാമക്കൾ വാദിക്കുന്നത്. പൗരസ്ത്യകാനോൻ നിയമം നസ്രാണി ക്രിസ്ത്യാനികളുടെ നിയമമായി ഭാരത ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. മാത്രമല്ല ക്രിസ്ത്യാനികളുടെ പള്ളിഭരണത്തിൽ ഒരു പ്രത്യേക നിയമം ആവശ്യ

മാണെന്ന് ഗവൺമെന്റ് മനസ്സിലാക്കുകയും അതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായി പ്രഗത്ഭരായ വക്കീലന്മാരും ജഡ്ജിമാരും ഉൾപ്പെടുന്ന കമ്മീഷനെ നിയോഗിക്കുകയും ചെയ്തു. ആ കമ്മീഷൻ കേരളത്തിലെ ക്രിസ്ത്യാനികളുടെ പൂർവ പാരമ്പര്യത്തെ കണക്കിലെടുത്ത് ഒരു നിയമം വേണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ആ നിയമത്തിന്റെ കരടു പതിപ്പ് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഇതു കണ്ടെന്നു നടിക്കാതെയാണ് കഴിഞ്ഞ രണ്ടു ഗവൺമെന്റും കേരളത്തിൽ ഭരിച്ചത്. കേരളത്തിലെ വിവിധ സഭകൾക്കെല്ലാംകൂടി ഒരു ഭരണനിയമമാണ് ആവശ്യം. മൂന്നു റീത്തുകൾ തിരിച്ചുള്ള വ്യത്യസ്തങ്ങളായ നിയമങ്ങളല്ല വേണ്ടത്. ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ അധ്യക്ഷനായ കമ്മറ്റി ക്രോഡീകരിച്ച കരടുനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നടപ്പിലാക്കാനാണ് കേരള ഗവൺമെന്റ് തയ്യാറാകേണ്ടത്. ഇതിനു സഹായകമായ നിലപാടാണ് കേരള നസ്രാണി സഭയും ലത്തീൻ സഭയും സ്വീകരിക്കേണ്ടത്.

●●

# പള്ളി പണിയാൻ പണം നൽകിയില്ല; ആദ്യകുർബാന വിലക്കി

തൃശൂർ: പള്ളി പണിയാൻ പണം നൽകാത്തതിന്റെ പേരിൽ ആദ്യകൂർബാന വിലക്കി. പനമുക്ക് കാണിക്കമാതാ പള്ളിയിലാണ് സംഭവം. ഇടവകാംഗമായ പൊറത്തുക്കാരൻ ഡേവീസിന്റെ മകൻ റോബിന്റെ (12) ആദ്യകൂർബാനയാണ് വിലക്കിയത്. മെയ് മൂന്നിനാണ് പരിപാടി നിശ്ചയിച്ചിരുന്നത്. പള്ളി പണിയാൻ പണം നൽകാത്തതിന്റെ കുടിശ്ശികയിൽ ഒരു ലക്ഷം രൂപ ആദ്യ കുർബാനക്ക് മുമ്പും ബാക്കിയുള്ളത് മാസം 2000 രൂപ വീതവും അടക്കണമെന്നായിരുന്നു വികാരിയുടെ നിർദേശം. നിർദ്ധന കുടുംബമാണെന്നും പണം നൽകാൻ കഴിയില്ലെന്നും അപേക്ഷിച്ചെങ്കിലും വികാരി ചെവിക്കൊണ്ടില്ല.. തുടർന്ന് റോബിനെ ആദ്യകൂർബാന പരിശീലന ക്ലാസിൽ നിന്നും പള്ളി അധികൃതർ പുറത്താക്കി. ഇതേതുടർന്ന് ഡേവീസ് നെടുപുഴ പോലീസ് സ്റ്റേഷൻ, ചൈൽഡ് വെൽഫെയർ അതോറിറ്റി,. തൃശൂർ ജില്ലാ വെക്കേഷൻ കോടതി എന്നിവിടങ്ങളിൽ പരാതി നൽകിയിട്ടുണ്ട്. സഭാനേതൃത്വത്തന്റെ നടപടി മൗലിക അവകാശങ്ങളുടെ ലംഘനമാണെന്ന് കേരള കാത്തലിക് ഫെഡറേഷൻ പറഞ്ഞു. പ്രായപൂർത്തിയാകാത്ത കുട്ടിയെ പരിശീലന ക്ലാസ്സിൽ നിന്നും പുറത്താക്കി മാനസികമായി പീഢിപ്പിച്ച വികാരി ഫാ. ചെറിയാൻ പാറക്കലിനും ഇതിന് ഒത്താശ ചെയ്യുന്ന തൂശൂർ അതിരൂപതാ ബിഷപ്പ് ആൻഡ്രൂസ് താഴത്തിനുമെതിരെ നടപടി സ്വീകരിക്കണമെന്നും സംസ്ഥാന ജനറൽ സെക്രട്ടറി വി. കെ. ജോയി ആവശ്യപ്പെട്ടു. (ജന്മഭൂമി, മെയ് 1, 2015)

കോടതിയുടെ തീർപ്പനുസരിച്ച് കുട്ടിക്ക് ആദ്യകുർബാന കൊടുത്തു.

# വത്തിക്കാന്റെ ദുഃഖം

## മുരളി പാറപ്പുറം

ഹിന്ദുവിരുദ്ധമല്ലാത്ത ഒരു സർക്കാർ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നിരിക്കുന്നു. ആഗോളതലത്തിൽ നടന്ന ഹിന്ദുത്വം മതേതരവിരുദ്ധമാണെന്ന പ്രചാരണം തള്ളി ചരിത്രപരമായ ഭൂരിപക്ഷമാണ് ജനങ്ങൾ ബി.ജെ.പി.ക്ക്, കത്തോലിക്കാ സഭയുടെ ഭാഷയിൽ പറഞ്ഞാൽ സംഘപരിവാറിന് നൽകിയിട്ടുള്ളത്. മൃഗീയമായ ഈ ഭൂരിപക്ഷത്തിൻകീഴിൽ ന്യൂനപക്ഷങ്ങൾ സ്വൈരമായി ജീവിക്കുന്നുവെന്നുവരാൻ പാടില്ലല്ലോ. ശക്തനായ ഒരു ഭരണാധികാരിക്കു കീഴിൽ ഭാരതം കരുത്താർജിക്കരുതെന്ന് പല പാശ്ചാത്യ രാജ്യങ്ങളെയുംപോലെ ക്രൈസ്തവസഭകൾക്കും നിർബന്ധമുണ്ട്.

2015 ഏപ്രിൽ മൂന്നിന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡൽഹിയിൽ വിളിച്ചുചേർത്ത ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും മുഖ്യമന്ത്രിമാരുടേയും യോഗത്തിൽ നിർബന്ധമായി പങ്കെടുക്കേണ്ടയാളായിരുന്നില്ല ജസ്റ്റിസ് കുര്യൻ ജോസഫ്. സുപ്രീം കോടതിയിലെ ജഡ്ജിമാരിൽ ചീഫ് ജസ്റ്റിസ് എച്ച്. എൽ ദത്തുവിനു പുറമെ സീനിയർ ജഡ്ജിമാരായ ജസ്റ്റിസ് ടി. എസ്. താക്കൂർ, ജസ്റ്റിസ് എ.ആർ ദവെ എന്നിവർ മാത്രമായിരുന്നു നിർബന്ധമായും യോഗത്തിൽ പങ്കെടുക്കേണ്ടിയിരുന്നത്. ഇക്കാര്യം മറ്റാരെക്കാളും നന്നായി അറിയാമായിരുന്നിട്ടും എന്തുകൊണ്ടാണ് ജസ്റ്റിസ് കുര്യൻ ജോസഫ് താൻ യോഗത്തിൽ പങ്കെടുക്കുന്നതല്ലെന്ന് ചീഫ് ജസ്റ്റിസിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും കത്തെഴുതിയത്?

മതപരമായ കാരണങ്ങളാൽ ദുഃഖവെള്ളിയാഴ്ചയിലെ യോഗത്തിൽ പങ്കെടുക്കാനുള്ള അസൗകര്യമറിയിക്കുകയല്ല, അന്നേദിവസം യോഗം വിളിച്ചതിനെ വിമർശിക്കുകയാണ് യഥാർഥത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫ് ചെയ്തത്. ദുഃഖവെള്ളിയാഴ്ച ഉൾപ്പെടെ മൂന്നു ദിവസത്തെ യോഗവിവരം അറിയിച്ചുകൊണ്ടുള്ള ചീഫ് ജസ്റ്റിസിന്റെ കത്തിന് മാർച്ച് 18ന് നൽകിയ മറുപടിയിലായിരുന്നു കുര്യൻ ജോസഫ് പ്രതിഷേധം പ്രകടിപ്പിച്ചത്. ഇതിൽതന്നെ ദുഷ്ടലാക്ക് പ്രകടമാകുന്നു. കാരണം, ആദ്യമായല്ല ദുഃഖവെള്ളിയാഴ്ച ജഡ്ജിമാരുടെ യോഗം വിളിക്കുന്നത്. 2007ൽ ഇത്തരം ഒരു യോഗം നടന്നതും ദുഃഖവെള്ളിയാഴ്ചയായിരുന്നു.2000 മുതൽ 2010 വരെ കേരള ഹൈക്കോടതിയിൽ ജഡ്ജായിരുന്ന കുര്യൻ ജോസഫ് ഈ യോഗത്തെക്കുറിച്ച് ബോധവാനായിരുന്നിരിക്കണം.

ജനസംഖ്യയിൽ 98 ശതമാനവും ക്രൈസ്തവരായ അമേരിക്കയിൽപോലും ദുഃഖവെള്ളി പൊതു അവധിയല്ലെന്ന് ജസ്റ്റിസ് കുര്യൻ ജോസഫിന്റെ നടപടിയെ വിമർശിച്ചുകൊണ്ട് മുൻ സുപ്രീം കോടതി ജസ്റ്റിസ് കെ.ടി.തോമസ് ചൂണ്ടിക്കാട്ടുകയുണ്ടായി. ഇക്കാര്യവും അറിയാ

ത്തയാളാവില്ല കുര്യൻ ജോസഫ്. എന്നിട്ടും ദുഃഖവെള്ളി ദിവസത്തെ ജഡ്ജിമാരുടെ യോഗത്തെ അദ്ദേഹം വിമർശിച്ചുവെന്നതാണ് ഞെട്ടലുള വാക്കുന്നത്.

ജസ്റ്റിസ് കുര്യൻ ജോസഫിന്റെ പ്രതിഷേധത്തിന് രണ്ടു ദിവസത്തിനകം മാർച്ച് 20ന് ചീഫ് ജസ്റ്റിസ് എച്ച്. എൽ. ദത്ത് മറുപടി നൽകുകയുണ്ടായി. "വ്യക്തിപരമായ താല്പര്യത്തെക്കാൾ സ്ഥാപനത്തിന്റെ താല്പര്യത്തിന് മുൻഗണനന നല്കേണ്ടതുണ്ട്" എന്ന് ഈ മറുപടിയിൽ കുര്യൻ ജോസഫിനെ അദ്ദേഹം ഓർമിപ്പിക്കുകയും ചെയ്തിരുന്നു. പ്രശ്നം ഇവിടെ അവസാനിക്കേണ്ടതായിരുന്നു. എന്നാൽ മാർച്ച് 30-ന് സുപ്രീം കോടതിയിൽ ഈ പ്രശ്നം വീണ്ടും ഉന്നയിക്കപ്പെട്ടു. ദുഃഖവെള്ളി ക്രൈസ്തവരുടെ വിശുദ്ധ ദിവസമായതിനാൽ സമ്മേളനം മാറ്റിവയ്ക്കണമെന്ന് അഭിഭാഷകയായ ലില്ലി തോമസ് ആവശ്യപ്പെടുകയായിരുന്നു. "2007-ൽ ഇത്തരം യോഗം നടന്നത് ദുഃഖവെള്ളി ദിവസമാണെന്നും അന്ന് ഇല്ലാതിരുന്ന ആത്മീയ പ്രശ്നം ഇപ്പോൾ ഉയരുന്നത് ഞാൻ സുപ്രീം കോടതി ജഡ്ജിയായതിനാലാണോ" എന്ന് രൂക്ഷമായിത്തന്നെ ചീഫ് ജസ്റ്റിസിന് പ്രതികരിക്കേണ്ടിവന്നു. ചീഫ് ജസ്റ്റിസ് ഉന്നയിച്ച ചോദ്യത്തിൽ കുര്യൻ ജോസഫ് ഉയർത്തിയ 'കടുത്ത ആശങ്ക'യുടെ രഹസ്യം കിടക്കുന്നുണ്ട്.

2007-ൽ ഉണ്ടാവാതിരുന്ന എതിർപ്പ് 2015-ൽ ഉണ്ടാവുന്നത് എച്ച്. എൽ. ദത്ത് ചീഫ് ജസ്റ്റിസായതുകൊണ്ടല്ല, മറിച്ച് നരേന്ദ്രമോദി പ്രധാനമന്ത്രിയായതുകൊണ്ടാണ്. കുര്യൻ ജോസഫിന്റേത് നിഷ്പക്ഷതയും മതേതരത്വവും ഉയർത്തിപ്പിടിക്കുന്ന നടപടിയായി ചിത്രീകരിച്ച് കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസ് (കെ.സി.ബി.സി.) രംഗത്തുവന്നത് ഇതിനു തെളിവാണ്. ചീഫ് ജസ്റ്റിസ് കത്തിലൂടെയും സുപ്രീംകോടതിയിലും നൽകിയ മാന്യവും യുക്തിസഹവും നീതിപീഠത്തിന്റെ നിഷ്പക്ഷത, രാജ്യതാല്പര്യം എന്നിവ ഉയർത്തിപ്പിടിക്കുന്നതുമായ വിശദീകരണത്തിൽ തൃപ്തിപ്പെടാതെ ദുഃഖവെള്ളിയാഴ്ച യോഗം വിളിച്ചതിലെ ആശങ്ക അറിയിക്കാൻ പ്രധാനമന്ത്രിക്കും കത്തെഴുതുക വഴി വിവാദം കൊഴുപ്പിക്കാനും വർഗീയധ്രുവീകരണത്തിനുമാണ് കുര്യൻ ജോസഫ് ശ്രമിച്ചതെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താനാവില്ല. മൂന്നാംദിവസത്തെ സമാപനപരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നതിനപ്പുറം സുപ്രീംകോടതി വിളിച്ച യോഗവുമായി കേന്ദ്ര സർക്കാരിന് ഔദ്യോഗിക ബന്ധമൊന്നുമില്ലാതിരുന്നിട്ടും കേന്ദ്രസർക്കാരിനെ പ്രശ്നത്തിലേയ്ക്ക് വലിച്ചിഴയ്ക്കാനാണ് കുര്യൻ ജോസഫ് ശ്രമിച്ചതെന്ന് വ്യക്തം. ക്രൈസ്തവൻ തന്നെയായ ഉത്തരാഖണ്ഡ് ചീഫ് ജസ്റ്റിസ് കെ. എം. ജോസഫും ജമ്മു കാശ്മീർ ചീഫ് ജസ്റ്റിസ് പോൾ വസന്തകുമാറും പങ്കെടുത്ത യോഗത്തിൽനിന്ന് കുര്യൻ ജോസഫ് വിട്ടുനിന്നത് മതപരമായ കാരണം കൊണ്ടാവില്ലല്ലോ. "മോദി സർക്കാർ അധികാരത്തിൽ

വന്നതുമുതൽ ക്രൈസ്തവർ ആക്രമിക്കപ്പെടുകയാണ്" എന്നാണ് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ) പ്രഖ്യാപിച്ചത്. "പശുക്കളെ മാത്രമല്ല എല്ലാ മനുഷ്യരെയും രക്ഷിക്കാനുള്ള ഉത്തരവാദിത്വം രാജ്യത്തിനുണ്ട്" എന്നായിരുന്നു പശ്ചിമബംഗാളിലെ റാണാഗഢിൽ ഒരു കന്യാസ്ത്രീ ബലാത്സംഗം ചെയ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സി.ബി.സി.ഐ പ്രസിഡന്റ് കർദിനാൾ മാർ ക്ലീമീസ് പ്രസ്താവിച്ചത്.

"ഘർവാപസി ഭാരതത്തെക്കുറിച്ച് തെറ്റായ പ്രതിച്ഛായ സൃഷ്ടിക്കുകയാണ്, എല്ലാ ന്യൂനപക്ഷങ്ങൾക്കും ഭീഷണിയുയർത്തുകയാണ്. വർഗീയധ്രുവീകരണത്തിനും ഭാരതത്തിന്റെ വൈവിധ്യങ്ങൾ നശിപ്പിക്കുന്നതിനുമുള്ള ശ്രമമാണ് നടക്കുന്നത്. അതിനാൽ സ്വന്തം ജന്മനാട്ടിൽ തങ്ങൾ സുരക്ഷിതരാണെന്ന ഉറപ്പ് സർക്കാരിൽനിന്ന് ക്രൈസ്തവർക്ക് ലഭിക്കണം" ക്ലീമിസ് ആവശ്യപ്പെട്ടു. "ഞങ്ങൾ നിസ്സഹായരും അരക്ഷിതരുമായിരിക്കുന്നു. എന്തുകൊണ്ടാണ് ഞങ്ങൾ ആക്രമിക്കപ്പെടുന്നത്?" എന്നാണ് ഡൽഹി അതിരൂപതയുടെ ഔദ്യോഗിക വക്താവും നല്ലൊരു നടനുമായ ഫാദർ ഡോമിനിക് ഇമ്മാനുവൽ ചോദിച്ചത്. ആസൂത്രിതമായി ഉയർത്തിയ ഈ മുറവിളികളുടെ ഭാഗമായാണ് ദുഃഖവെള്ളി ദിവസം ജഡ്ജിമാരുടെ യോഗം നടത്തുന്നതിനോട് ജസ്റ്റിസ് കുര്യൻ ജോസഫ് പ്രതിഷേധിച്ചതും, ഡോമിനിക് ഇമ്മാനുവൽ മാത്രമല്ല, കെ.സി.ബി.സിയും സി.ബി.സി.ഐ.യും മാർ ക്ലിമീസും ജസ്റ്റിസ് കുര്യൻ ജോസഫുമൊക്കെ ആശങ്കപ്പെടുന്നതുപോലെ നരേന്ദ്രമോഡി അധികാരത്തിൽ വന്നതുമുതൽ ഭാരതത്തിലെ ക്രൈസ്തവർ അരക്ഷിതരോ ആക്രമണത്തിന്റെ ഇരകളോ അല്ല. ക്രൈസ്തവരുടെ ആരാധനാലയങ്ങളുടെ നേർക്ക് ആസൂത്രിതമായ ഒരു ആക്രമണവും നടക്കുന്നില്ല. ഡൽഹിയിലെ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് അവിടുത്തെ ക്രൈസ്തവ പള്ളികൾ നിരന്തരം ആക്രമിക്കപ്പെട്ടു എന്ന പ്രചാരണത്തിന്റെ സത്യാവസ്ഥ പരിശോധിക്കുക.

അഞ്ച് പള്ളികൾക്കും ഒരു ക്രിസ്ത്യൻ സ്കൂളിനും നേരെയുണ്ടായ ആക്രമണങ്ങൾക്ക് യാതൊരു തരത്തിലുള്ള വർഗീയ സ്വഭാവവുമില്ലെന്ന് ഡൽഹി പോലീസ് കമ്മീഷണറായ സി.ബി. ബസി വ്യക്തമാക്കുകയുണ്ടായി. ചില സാധാരണ മോഷണങ്ങളായിരുന്നു ഇവ. റോഷിനി പള്ളിയിൽ ഷോർട് സർക്യൂട്ട് മൂലം തീപിടുത്തമുണ്ടായതും ഒരു കുട്ടിയെറിഞ്ഞ പന്തുകൊണ്ട് ജസോല പള്ളിയുടെ ജനാലച്ചില്ലുകൾ തകർന്നതുമാണ് ആക്രമണങ്ങളായി ചിത്രീകരിക്കപ്പെട്ടത്. ഇതിനൊക്കെ വർഗീയതയുടെ നിറംകൊടുത്ത കത്തോലിക്കാ സഭയുടെ വക്താക്കൾ കള്ള പ്രചാരണമാണ് നടത്തിയത്.

2014 ൽ ഡൽഹിയിൽ 206 ക്ഷേത്രങ്ങളും 30 ഗുരുദ്വാരകളും 14 മസ്ജിദുകളും ആക്രമിക്കപ്പെട്ടു. 2015 ഫെബ്രുവരി വരെ 14 ക്ഷേത്രങ്ങളും അഞ്ച് ഗുരുദ്വാരകളും രണ്ട് മസ്ജിദുകളും ഒരു പള്ളിയും ആക്രമിക്കപ്പെട്ടു. പള്ളി

കൾ മാത്രം ആക്രമിക്കപ്പെടുന്നു എന്ന പ്രചാരണം അങ്ങേയറ്റം സത്യ വിരുദ്ധമായിരുന്നു. മോദി ഭരണത്തിൻകീഴിലെ ഏഴു മാസത്തിനുള്ളിൽ നടന്ന ഘർവാപസി ഭാരതത്തിന്റെ പ്രതിച്ഛായ നശിപ്പിക്കുമെന്ന് ആശങ്ക പ്പെടുന്ന ക്ലിമീസിന് നൂറ്റാണ്ടുകളായി ക്രൈസ്തവ മിഷനറിമാർ ഭാരത ജനസംഖ്യയിലെ ഗണ്യമായ വിഭാഗത്തെ മതംമാറ്റിയതിനെക്കുറിച്ച് യാതൊരു വേവലാതിയുമില്ല. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഒരൊറ്റ ക്രൈസ്തവൻപോലുമില്ലാതിരുന്ന ത്രിപുരയിൽ ഇപ്പോൾ അവർ ഒന്നേ കാൽ ലക്ഷമാണ്! 1961-ൽ 1710 ക്രൈസ്തവർ മാത്രമുണ്ടായിരുന്ന അരു ണാചൽ പ്രദേശിൽ ഇപ്പോൾ അവരുടെ സംഖ്യ 1.2 ദശലക്ഷമാണ്; പള്ളി കളുടെ എണ്ണം 780!! ഇതിനിടയാക്കിയ മതപരിവർത്തനങ്ങളെക്കുറിച്ച് മാർ ക്ലിമീസിന് എന്ത് പറയാനുണ്ട്?

2004 മുതൽ 2014 വരെ ഡോ. മൻമോഹൻസിംഗിനെ പ്രധാനമന്ത്രി യായി പ്രതിഷ്ഠിച്ച് സോണിയാഗാന്ധിയുടെ നേതൃത്വത്തിൽ; അധികാര ത്തിലിരുന്നത് കത്തോലിക്കാസഭയുടേയും ക്രൈസ്തവരുടെയും വഴിവിട്ട താല്പര്യങ്ങളെപ്പോലും സംരക്ഷിക്കുന്ന സർക്കാരായിരുന്നു. ഇറ്റാലിയൻ വംശജയും റോമൻ കത്തോലിക്കാ മതവിശ്വാസിയുമായ സോണിയാ ഗാന്ധി പാർട്ടിയുടെ അധ്യക്ഷപദവി ഏറ്റെടുത്തതോടെ കോൺഗ്രസ് തന്നെ ജ്ഞാനസ്നാനം ചെയ്യപ്പെടുകയായിരുന്നു. സോണിയയുടെ വിശ്വസ്ത രായ എ.കെ.ആന്റണി, അംബികാ സോണി, ഓസ്കർ ഫെർണാണ്ടസ്, മാർഗരറ്റ് ആല്വ, പി. സി. ചാക്കോ, ദിഗ് വിജയ് സിംഗ്, അജിത് ജോഗി, വി. ജോർജ്, ടോം വടക്കൻ ഇവരെല്ലാം ക്രൈസ്തവരായിരുന്നു. ഒന്നും രണ്ടും യു.പി.എ മന്ത്രിസഭകളിൽ ജനസംഖ്യയിൽ 2.3 ശതമാനം മാത്രമേ യുള്ളുവെന്ന് അവകാശപ്പെടുന്ന ക്രൈസ്തവർക്ക് അമിതപ്രാധാന്യമാണ് ലഭിച്ചത്. എ. കെ. ആന്റണി, ഓസ്കർ ഫെർണാണ്ടസ്, പി. ആർ. കിണ്ട്യ, കെ. വി. തോമസ്, അഗത സാങ്മ, വിൻസന്റ് പാല എന്നിവരായിരുന്നു ഇവർ. യു.പി.എ ഭരണകാലത്ത് നിർണായകമായ ഔദ്യോഗിക പദവിക ളിൽ പ്രതിഷ്ഠിക്കപ്പെട്ടതും ക്രൈസ്തവരായിരുന്നു. സംഗീതനാടക അക്കാഡമി സെൻസർ ബോർഡ്, ചെന്നെയിലെ കലാ ക്ഷേത്രം എന്നി വയുടെ അധ്യക്ഷ പദവികളിൽ ലീലാ സാംസൺ, എൻ.സി.ഇ.ആർ.ടി. യുടെ പാഠ്യപദ്ധതി പുനരവലോകന സമിതിയുടെ ചെയർമാൻ സ്ഥാ നത്ത് ഹിന്ദുവിരോധിയായ വൽസൻ തമ്പു, മുഖ്യ തെരഞ്ഞെടുപ്പു കമ്മീ ഷണറായി നവീൻ ചാവ്ല, ദേശീയോദ്ഗ്രഥന സമിതിയിൽ ക്രിസ്ത്യൻ മതമൗലികവാദിയായ ജോൺ ദയാൽ, .... ഇങ്ങനെപോയി സോണിയ യുടെ നിയമനങ്ങൾ. ചീഫ് വിജിലൻസ് കമ്മീഷണറായി അഴിമതിയാ രോപിതനായ പി. ജെ തോമസിനെ നിയമിക്കാൻ സോണിയ തീവ്രമായി ശ്രമിച്ചെങ്കിലും കോടതി ഇടപെട്ടതിനെത്തുടർന്ന് അതിന് കഴിഞ്ഞില്ല,

കത്തോലിക്കാസഭയ്ക്ക് വിശ്വാസം ജനാധിപത്യത്തിലല്ല, മതാധി പത്യത്തിലാണ്. സോണിയാ ഗാന്ധി നേതൃത്വം നല്കിയിരുന്ന യു.പി.എ

ഭരണത്തിൻകീഴിൽ ക്രൈസ്തവ രാജ്യങ്ങളിലെ സ്വാതന്ത്ര്യമാണ് വിദേശമിഷണറിമാർ അനുഭവിച്ചിരുന്നത്. മതപരിവർത്തനത്തിനായി വരുന്ന വിദേശ മിഷണറിമാർക്ക് 'മിഷണറി വിസ' എന്ന പേരിൽ പ്രത്യേക വിസ തന്നെ യു.പി.എ ഭരണകാലത്ത് വിദേശകാര്യമന്ത്രാലയം ഏർപ്പെടുത്തിയിരുന്നു. മൂന്നുമാസംകൊണ്ട് ഈ വിസ അനുവദിച്ചിരുന്നത് ഭരണഘടന പരിപോഷിപ്പിക്കുന്ന മതേതരമൂല്യങ്ങൾക്ക് വിരുദ്ധമായിരുന്നു. ഇത്തരം സൗകര്യങ്ങളാക്കെ അനുഭവിച്ചവർ അത് നിഷേധിക്കപ്പെടുമ്പോൾ അമർഷംകൊള്ളുക സ്വാഭാവികമാണല്ലോ.

ഘർവാപസിയായാലും ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുന്നതായാലും കന്യാസ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നതായാലും ദുഃഖവെള്ളി ദിവസത്തിലെ ജഡ്ജിമാരുടെ യോഗമായിരുന്നാലും യു.പി.എ ഭരണകാലത്തും നടന്നിട്ടുള്ളതാണ്. അന്നൊന്നും പ്രതിഷേധിക്കാതിരുന്ന ക്രൈസ്തവസഭകൾ ഇപ്പോൾ കോലാഹലമുയർത്തുന്നതിന് ഒറ്റകാരണമേയുള്ളൂ. ഹിന്ദുവിരുദ്ധമല്ലാത്ത ഒരു സർക്കാർ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നിരിക്കുന്നു.

ആഗോളതലത്തിൽ നടന്ന ഹിന്ദുത്വം മതേതരവിരുദ്ധമാണെന്ന പ്രചാരണം തള്ളി ചരിത്രപരമായ ഭൂരിപക്ഷമാണ് ജനങ്ങൾ ബി.ജെ.പി.ക്ക്, കത്തോലിക്കാ സഭയുടെ ഭാഷയിൽ പറഞ്ഞാൽ സംഘപരിവാറിന് നല്കിയിട്ടുള്ളത്. മൃഗീയമായ ഈ ഭൂരിപക്ഷത്തിൻകീഴിൽ ന്യൂനപക്ഷങ്ങൾ സ്വൈരമായി ജീവിക്കുന്നുവെന്നു വരാൻ പാടില്ലല്ലോ. ശക്തനായ ഒരു ഭരണാധികാരിക്കു കീഴിൽ ഭാരതം കരുത്താർജിക്കരുതെന്ന് പല പാശ്ചാത്യ രാജ്യങ്ങളേയുംപോലെ ക്രൈസ്തവ സഭകൾക്കും നിർബന്ധമുണ്ട്.

## പത്രാധിപക്കുറിപ്പ്

ഒരുപക്ഷേ ഈ ലേഖനം എന്തിന് ഓശാനയിൽ പ്രസിദ്ധീകരിച്ചു എന്ന് വായനക്കാർ സംശയിച്ചേക്കാം. ഇവിടുത്തെ ക്രൈസ്തവരെ പീഢിപ്പിക്കുന്നു എന്ന പ്രചാരണം സത്യവിരുദ്ധമായി ഇന്ന് പ്രചരിപ്പിക്കുന്നുണ്ട് എന്നത് സത്യമാണ്. അധികാരത്തിൽ വരുന്ന ഗവൺമെന്റുകളെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ സഭാധികാരം എന്നും പരിശ്രമിക്കുന്നുണ്ട്. ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ വിദ്യാഭ്യാസ മണ്ഡലത്തിൽ ആവശ്യമായ പരിഷ്കരണങ്ങൾ കൊണ്ടുവന്ന അവസരത്തിൽ അതിനെ ന്യൂനപക്ഷാവകാശങ്ങളുടെ ലംഘനമാണെന്ന് തട്ടിൻപുറത്തുനിന്ന് പ്രഖ്യാപിക്കാൻ നമ്മുടെ മെത്രാന്മാർ പരിശ്രമിക്കുകയുണ്ടായി. നാടിന്റെ നന്മയ്ക്കുവേണ്ടി നിയമനിർമാണം നടത്തുമ്പോൾ അത് മതവിരുദ്ധമാണെന്നു പറഞ്ഞ് ആക്രോശിച്ചതിന്റെ ഔചിത്യം ചൂണ്ടിക്കാണിക്കാനാണ് ഈ ലേഖനം ഓശാനയിൽ പ്രസിദ്ധീകരിക്കുന്നത്.

□□

# ഫ്രാൻസിസ് മാർപ്പാപ്പായുടെ മതസങ്കല്പം?

**മാത്തുക്കുട്ടി തകടിയേൽ**

എ.ഡി.325-ൽ നിഖ്യാപട്ടണത്തിൽ വെച്ച് അക്രൈസ്തവനായിരുന്ന കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ നേതൃത്വത്തിലും, അദ്ധ്യക്ഷത യിലും കൂടിയ സൂനഹദോസ്, കത്തോലിക്കാസഭയുടെ സമൂലമായ ഒരു വഴിത്തിരിവായിരുന്നു. യേശുവിന്റെ പേരിലുണ്ടായ കത്തോലിക്കാസഭ അന്നുമുതൽ ഔദ്യോഗികമായിട്ടുതന്നെ യേശുവിന് എതിർസാക്ഷ്യം പറയുന്ന സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു പ്രസ്ഥാനമായി തരംതാണു പോയി. യേശുവിന്റെ ദർശനങ്ങൾക്കും, പഠനങ്ങൾക്കും മങ്ങലേറ്റു. അങ്ങനെ പത്രോസിന്റെ പാറയിൽ യേശുവിന് എതിർസാക്ഷ്യം പറയുന്ന ഒരു അക്രൈസ്തവ പള്ളി ഉയർന്നുവന്നു. ഗ്രീക്കുമതശാസ്ത്രവും, റോമൻ ഘടനാസമ്പ്രദായവും കൂടിക്കലർന്ന ഒരു മത- സംഘടനാ സമ്പ്രദായം കത്തോലിക്കാസഭയിൽ രൂപം കൊണ്ടു. സഭാതലവനായ മാർപാപ്പായ്ക്ക് കോൺസ്റ്റന്റയിൻ ചക്രവർത്തി രാജകീയാധികാരാ വകാശങ്ങൾ ചാർത്തിക്കൊടുത്തു. പിന്നീടുള്ള 1700-കൊല്ലത്തെ സഭാഭരണം രാജകീയമായിരുന്നു. സഭാ നേതൃത്വം സഭാവിശ്വാസികളെ നയിക്കുന്നതിനുപകരം ഏകാധിപത്യത്തോടെ ഭരിച്ചു. സാർവത്രികമായി അതിശക്തമായ ഒരു അധികാര ശൃംഖലയുണ്ടാക്കി.

സഭയുടെ സാർവത്രിക തലവനായ പോപ്പ് ദൈവത്തിന്റെ പ്രതിപുരു ഷനാണെന്നും, അതിനാൽ തനിക്ക് അപ്രമാദിത്വമുണ്ട് എന്നും സ്വയം പ്രഖ്യാപിച്ച് സഭാഭരണം നടത്തി. സാധാരണ രാജാക്കന്മാരെപ്പോലെ യുദ്ധങ്ങളും, കലാപങ്ങളും സഭയുടെ നേതൃത്വത്തിൽ അരങ്ങേറി. ഇസ്രാ യേൽ ജനത്തെപ്പോലെ വിശ്വാസികൾ സഭയ്ക്കുവേണ്ടി യുദ്ധം ചെയ്തു. ഇരുണ്ട യുഗങ്ങളിൽ ക്രൂരവും, നീചവും, നികൃഷ്ടവുമായ ഒരുപിടി ദുഷ്ക്കർമ്മങ്ങൾ സഭയുടെ നേതൃത്വത്തിൽ ചരിത്രത്തിൽ അരങ്ങേറി. കൊന്നും, ചത്തും സഭയേയും സഭാ പിതാക്കന്മാരെയും വിശ്വാസികൾ സംരക്ഷിച്ചു.സഭാപിതാക്കന്മാർ അവരവരുടെ അരമനകളിൽ സുരക്ഷിത രായി രാജാപാർട്ടിൽത്തന്നെ സുഖമായി കഴിഞ്ഞുകൂടി. ഇതാണ് കഴിഞ്ഞ 1700-കൊല്ലത്തെസഭയുടെ വിശ്വരൂപം.

ഈ നീണ്ട കാലയളവിൽ യേശുവിനെ പ്രഘോഷിച്ച പോപ്പുമാർ അണു ന്യൂനപക്ഷമായിരുന്നു. 1875-1900-കാലഘട്ടത്തിൽ റേരും നൊവേരും-എന്ന ചാക്രിക ലേഖനത്തിൽകൂടി വേലക്കാർക്ക് മാന്യമായി ജീവിക്കുവാനുള്ള കൂലി കൊടുക്കണമെന്നു പ്രഖ്യാപിച്ച് ലിയോ 13-ാം പാപ്പായും, സഭയിലെ ഏകാധിപത്യം നീക്കം ചെയ്ത് അധികാര വികേന്ദ്രീകരണം നടപ്പാക്കണമെന്ന് 11-ാം പിയൂസ് പാപ്പായും, സ്വകാര്യ

സ്വത്ത് ആരുടെയും കേവലാവകാശമല്ലെന്നും സാമൂഹ്യനീതി നടപ്പാക്കുവാൻ സമ്പന്നർക്ക് ബാദ്ധ്യതയുണ്ടെന്നും പറഞ്ഞ സോഷ്യലിസ്റ്റ് പാപ്പാ എന്ന അപരനാമത്താൽ അറിയപ്പെടുന്ന പോൾ ആറാമനും ഒക്കെ സഭയിൽ പ്രശോഭിച്ചുനിന്ന ക്രിസ്ത്യാനികളായിരുന്നു. എന്നാൽ ഇവർക്കൊന്നും സഭയിൽ പിന്തുണയും പിൻതുടർച്ചയും കിട്ടാതെ പോയി എന്നത് ഒരു ദു:ഖസത്യമായി നിലനിൽക്കുന്നു.

ക്രിസ്തീയ ദർശനങ്ങൾ ഉയർത്തിപിടിച്ച ഒരു പുണ്യ പുരുഷനായിരുന്നു 23-ാം ജോൺ മാർപാപ്പാ. 1962-65 വരെ അദ്ദേഹം നടത്തിയ 2-ാം വത്തിക്കാൻ കൗൺസിൽ, സഭാചരിത്രത്തിലെ നാഴികക്കല്ലുതന്നെയായിരുന്നു. ഇരുളടഞ്ഞ വായു സഞ്ചാരമില്ലാതിരുന്ന സഭയുടെ ജനാലകളും, കതകുകളും തുറന്നിടണം, കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പാദധൂളികൾ കൊണ്ട് വികൃതമായ സഭയെ ക്രിസ്തുവിലേക്ക് ആകർഷിക്കണം, സൽപ്രവർത്തികൾ ചെയ്ത് നല്ല ജീവിതം നയിക്കുന്നവർ യേശുവിനെ അറിഞ്ഞില്ലെങ്കിൽപോലും രക്ഷപ്പെടും, ഇങ്ങനെ ക്രിസ്തീയ അരുപികൾ നിറഞ്ഞു നിൽക്കുന്ന ഏറെ നല്ല കാര്യങ്ങൾ പറഞ്ഞുവെച്ചു.

എന്നാൽ ജോൺ പാപ്പായുടെ സുനഹദോസ് സന്ദേശങ്ങളും പിന്നീട് സഭാ നേതൃത്വം പതിവിൻപടി അട്ടിമറിച്ചു. പാവപ്പെട്ടവന്റെ പക്ഷം ചേർന്ന് ശബ്ദിച്ചിരുന്ന വിമോചന ദൈവശാസ്ത്ര പ്രസ്ഥാനത്തെ നിശബ്ദമാക്കുന്നതിന് നേതൃത്വം കൊടുത്ത ജോൺ പോൾ രണ്ടാമൻ തന്നെയാണ് 2-ാം വത്തിക്കാൻ സൂനഹദോസ് സന്ദേശങ്ങളും അട്ടി മറിച്ചത്. 1997 - നവംമ്പർ 19 ന് ഇറക്കിയ വിശ്വാസരേഖയിൽ ദൈവജനമെന്ന സങ്കൽപ്പത്തിൽ അൽമേയർക്കു വൈദികർക്കൊപ്പം നൽകിയ സമത്വവും അധികാരവും റദ്ദാക്കി. അഭിഷിക്തരെ എല്ലാകാര്യങ്ങൾക്കും സഹായിക്കുക എന്നാക്കി. അങ്ങനെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സത്തയെ അട്ടിമറിച്ചു.അൽമേയർ (വിവരമില്ലാത്തവർ എന്നർത്ഥം) എന്ന സഭാ വിശ്വാസികളെ എന്നും, അടിച്ചമർത്തി വരുതിക്കു നിർത്തിപ്പോരുന്ന സഭയിലെ അഭിഷിക്തർക്ക് വിശ്വാസികളെ ഒപ്പത്തിനൊപ്പം കാണുക എന്നത് ഒരിക്കലും ചിന്തനീയമല്ല. ഇതൊക്കെ യാണ് സഭാചരിത്രത്തിന്റെ തനി രൂപം.

സഭയിൽ ഇന്നും തുടർന്നുവരുന്ന ക്രൈസ്തവ വിരുദ്ധ, തഴക്കദോഷങ്ങൾക്കെതിരെ പ്രതികരിച്ചുകൊണ്ടാണ് ഇന്നത്തെ ഫ്രാൻസിസ് മാർപാപ്പാ സഭാരംഗത്തു വന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളും, പ്രവർത്തികളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ലളിത ജീവിതവും, സുതാര്യതയും അദ്ദേഹത്തിന്റെ ജീവിതശൈലിയാണ്.

ഇക്കഴിഞ്ഞ പെസഹവ്യാഴാഴ്ച പതിവുപോലെ അദ്ദേഹം കാൽകഴുകൽ ശുശ്രൂഷക്ക് നേതൃത്വം നൽകി. എന്നാൽ പതിവിൻപടി അതു നടത്തിയത് ബസിലിക്കായിലായിരുന്നില്ല. രാജകുമാരന്മാരായ കർദിനാളന്മാരുടെ കാലുകളുമായിരുന്നില്ല കഴുകിയത്. റോമിലെ ചേരി പ്രദേശത്തെ രോഗികളുടെയും വികലാംഗരുടെയും കാലുകളാണ് കഴുകി മുത്തിയത്.

ഇവരിൽ 4 വനിതകളും ഒരു മുസ്ലീം സഹോദരനുമുണ്ടായിരുന്നു. അന്നത്തെ പെസഹാ സന്ദേശത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു.സഭ പാവപ്പെട്ടവരുടെയും, ഭവനരഹിതരുടെയും, രോഗികളുടെയും അഭയകേന്ദ്രമാകണം, പുരോഹിതർ ലളിത ജീവിതം നയിക്കണം, മാതൃകയാകണം., മതപരിവർത്തനത്തിനുള്ള ഇന്നത്തെ രീതി തന്നെ മാറ്റണം, അന്യരിൽ സ്വന്തം അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കരുത്, കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുക, പ്രകൃതിയെ സ്നേഹിക്കുക, ഇങ്ങനെ പോകുന്നു പ്രബോധനങ്ങൾ.

റോമിലെ പ്രാദേശിക പത്രമായ'ഇൻ മെസജ്ജറോയിക്കു' നൽകിയ അഭിമുഖത്തിൽ ഇങ്ങനെയാണു പറഞ്ഞത് കമ്മ്യൂണിസ്റ്റുകാരാണ് ക്രൈസ്തവരുടെ ഏറ്റവും അടുത്തവർ. (കമ്മ്യൂണിസ്റ്റുകാരോട് കൂടുതലായി സഹകരിച്ചാൽ അക്കാരണത്താൽത്തന്നെ പ്രത്യക്ഷത്തിൽ പ്രഖ്യാപിക്കാത്ത മഹറോൻ ശിക്ഷക്ക് അർഹരാകും, എന്നാണ് 12-ാം പിയൂസ് പാപ്പാ പ്രഖ്യാപിച്ചതെന്നോർക്കുക) അനിയന്ത്രിതമായ മുതലാളിത്തത്തെ എതിർക്കുകയും പാവപ്പെട്ടവർക്കുവേണ്ടി ഏറെ ചെയ്യണമെന്നും പറഞ്ഞ ഫ്രാൻസീസ് പാപ്പായെ'എക്കണോമിസ്റ്റ്' വാരിക ലെനിനിസ്റ്റ് എന്നാണ് വിശേഷിപ്പിച്ചത്. നിയന്ത്രണങ്ങളിൽ നിന്നും വിമുക്തമാക്കപ്പെട്ട വിപണി പുതിയ സ്വേച്ഛാധിപത്യമാണ്. ഇതൊക്കെ ഇന്ന് ഭരണകൂടങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. നവ ഉദാരവൽക്കരണത്തെ മാർപാപ്പാ പല കോണു കളിൽ നിന്നാണ് നോക്കിക്കണ്ട് വിമർശിക്കുന്നത്. കത്തോലിക്കാ സഭയിലെ ഒരു പരമാദ്ധ്യക്ഷനും കാണിക്കാത്ത അതിശക്തിയോടെയാണ് മുതലാളി ത്തത്തിനെതിരെ ഇല്ലാത്തവന്റെ പക്ഷം ചേർന്ന് ഈ പാപ്പാ ശബ്ദിക്കുന്നത്.

ഇവിടെ മാർപാപ്പായെ ലെനിനിസ്റ്റ് എന്ന് അഭിസംബോധന ചെയ്യുമ്പോൾ വിമോചന ദൈവശാസ്ത്രജ്ഞനായിരുന്ന ബ്രസീലിലെ ആർച്ച് ബിഷപ്പ്-ഹെർഡർ കാമറെയുടെ വാക്കുകൾ ഇവിടെ ഓർക്കുകയാണ്. ദരിദ്രർക്കുവേണ്ടി ഞാൻ അപ്പം കൊടുക്കുമ്പോൾ അവരെന്നെ വിശുദ്ധനെന്നു വിളിക്കും. ദാരിദ്ര്യം എങ്ങനെയുണ്ടായി എന്നു ചോദിച്ച് കാരണം വിശദീകരിക്കുമ്പോൾ അവരെന്നെ കമ്മ്യൂണിസ്റ്റെന്നു വിളിക്കും.

ദരിദ്രർക്കു വേണ്ടി സഭ ദരിദ്രയാകണംഎന്ന പാപ്പായുടെ ദിവ്യസന്ദേശം ഒരു പള്ളി പ്രസംഗങ്ങളിലും കേൾക്കുന്നില്ല. ഇടയലേഖനങ്ങളിൽ ഇടവും കിട്ടുന്നില്ല. എന്നാൽ സഭ ഇന്നും സമ്പാദിച്ചു കൂട്ടുന്നു. ആഡംബര പള്ളികളും, മെത്രാസന അരമനകളും അതിശയകരമായി ഉയർന്നു വരുന്നു. 42 കോടിയുടെ പള്ളികൾ ഇന്നും ഉയരുന്നു. (ഇടപ്പള്ളി പള്ളി) ഒരു മെത്രാനും ഇവിടെ വിലക്കുകളുമായി വരുന്നില്ല. പള്ളി വെഞ്ചിരിപ്പിന്റെ മധുര സ്മരണകളുമായി അവർ കാത്തിരിക്കുകയാണ്.

ഇറ്റലിയിലെ ഇടതുപക്ഷ പത്രമായ 'ല-റിപ്പബ്ലിക്കാ'യ്ക്കു വേണ്ടി പാപ്പാ നടത്തിയ ഗൗരവമേറിയ അഭിമുഖ സംഭാഷണങ്ങൾ വത്തിക്കാൻ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്തു. 23-ാം ജോൺ പാപ്പായുടെതു

പോലെ നന്മകൾ നിറഞ്ഞു നിന്നിരുന്ന പല പാപ്പാമാരുടെയും സന്ദേശങ്ങൾ ഇതേപോലെ നീക്കം ചെയ്യുകയോ, തമസ്കരിക്കുകയോ ചെയ്തിരുന്നത് സഭാ നേതൃത്വത്തിന്റെ ഒരു സ്ഥിരം തഴക്കദോഷം തന്നെയാണ്. ഏതായാലും സഭയുടെ കൂരിയാനേതൃത്വം ഫ്രാൻസീസ് പാപ്പായുടെ അഭിമുഖസന്ദേശങ്ങൾ നീക്കം ചെയ്തെങ്കിലും ഈ മാധ്യമവാർത്തകൾ ഈ സമയം തന്നെ ഇറ്റലി മുഴുവനും, അതു വഴി ലോകം മുഴുവനും പ്രചരിച്ചുകഴിഞ്ഞിരുന്നു. മാർപാപ്പാ ഇതൊന്നും നിഷേധിച്ചില്ല. എന്നതാണ് മറ്റൊരു കാര്യം.

മതപരിവർത്തന രീതിയെ എതിർത്തുകൊണ്ട് പാപ്പാ പറയുകയാണ് സ്വഭാവനന്മയോടുകൂടി നല്ല ജീവിതം നയിക്കുന്നവൻ നിരീശ്വരനാണെങ്കിൽ പോലും രക്ഷപ്പെടും എന്ന്.

ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും പാപ്പാ ഏറെ പറഞ്ഞിരിക്കുന്നു. ഇന്ന് സഭയിൽ കൂദാശകൾക്ക് വിലവിവര പട്ടിക വച്ച് കൂലി നിശ്ചയിച്ച് കച്ചവടം നടത്തുന്ന ഹീനമായ രീതിയെ വിമർശിച്ചിരുന്നു. എന്നാൽ ഇവിടെ പുരോഹിതർ ഇന്നും ഈ തരംതാണ കച്ചവടം തുടരുന്നു. മാർപാപ്പായെ ഇവിടെ പുരോഹിതർ അനുസരിക്കുന്നില്ല. ഇവിടെ നമുക്ക് പോപ്പിനെ അംഗീകരിക്കാം. പുരോഹിതരെ അവഗണിക്കാം.

സഭയുടെ ഇന്നത്തെ പൗരോഹിത്യവ്യവസ്ഥയേയും, അവരുടെ നടപടിക്രമങ്ങളെയും, സ്വഭാവരീതികളെപ്പോലും മാർപാപ്പാ നിശിതമായിട്ടു വിമർശിക്കുകയാണ്. കർദിനാൾ സംഘത്തിലുള്ളവരുടെപോലും തമ്മിൽ തമ്മിലുള്ള കുശുമ്പുകളെയും, കിടമത്സരങ്ങളെയും കണ്ടുപിടിച്ച് പാപ്പാ വിമർശിച്ചിരിക്കുന്നു. അത്യാഡംബര ജീവിതം നയിക്കുന്ന മെത്രാന്മാർക്കെതിരെ ശിക്ഷണ നടപടികൾ എടുത്തു വരുന്നു. വത്തിക്കാനിലെ ധനവിനിയോഗ കേന്ദ്രങ്ങളിലെ അഴിമതിയെപ്പറ്റി അന്വേഷിക്കുകയും നടപടികൾ എടുത്തുവരികയും ചെയ്യുന്നു.

നിങ്ങളിൽ അധികാരവും, സമ്പത്തും പാടില്ലെന്നും, ബലിയല്ല കരുണയാണെനിക്കു വേണ്ടതെന്നും പറഞ്ഞ യേശു ഒരു മതമല്ല സ്ഥാപിച്ചത്. മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായ ദൈവജനത്തിന്റെ ഒരു സ്നേഹകൂട്ടായ്മയാണ് വിഭാവനം ചെയ്തത്. ഉണ്ണാതെ, ഉടുക്കാതെ, തലചായ്ക്കാൻ ഇടമില്ലാതെ വരുന്നവന് ഭക്ഷണവും, വസ്ത്രവും കിടപ്പാടവും കൊടുക്കുമ്പോൾ അതൊക്കെ എനിക്കാണു തന്നതെന്ന് യേശു പറയുമ്പോൾ, ഇവിടെ പരസ്നേഹത്തെ ദൈവസ്നേഹത്തോളം ഉയർത്തികാട്ടുകയാണ്; ആചാരാനുഷ്ഠാനങ്ങൾക്കും, പൂജാദികർമ്മങ്ങൾക്കും അതിനായിട്ടുള്ള പുരോഹിതർക്കും ഇവിടെ പ്രസക്തി ഇല്ലാതാവുകയാണ്. ഇതൊക്കെക്കൊണ്ടുള്ള തിന്മകളും ഇല്ലാതാകും. ഈ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കത്തോലിക്കാ മതസങ്കല്പത്തിന് ഒരു സമൂല മാറ്റം വരുത്തേണ്ടതല്ലേ.? ഇതിനുള്ള പ്രവർത്തനങ്ങൾക്ക് ഫ്രാൻസീസ് പാപ്പായുടെ പിന്തുണയും കിട്ടിയേക്കാം. അതുപോരെ-?

●●

Mob: 9497632219

# ചിന്തിപ്പിക്കുന്ന ഫ്ളക്സ് ബോർഡുകൾ

**ജയിംസ് ഐസക്**

വഴിയിൽ കാണുന്ന ബോർഡു പരസ്യങ്ങളും ചുവരെഴുത്തുകളും ശ്രദ്ധിച്ചു വായിക്കുന്ന ഒരു ശീലം പണ്ട് മുതലേ ഉണ്ട്. ഇതൊരു ദുശ്ശീല മാണെന്നു പറയുന്നവർ കാണും. എന്നാൽ ചില പ്രയോജനങ്ങളും ഇതു വഴി ലഭിക്കും. മദ്രാസിൽ രണ്ടു വർഷം പഠിച്ച കാലത്തു സിനിമാ പര സ്യങ്ങൾ നോക്കി തമിഴ് അക്ഷരങ്ങൾ വായിക്കാൻ പഠിച്ചു. ഈ വയസ്സു കാലത്തും പഴയ ശീലം തുടരുകയാണ്. നേരംപോക്കിനും ചിന്തിക്കാനും വേണ്ടി.

തൃശൂർ മുതൽ അങ്കമാലി വരെ നാഷണൽ ഹൈവേയിലൂടെ യാത്ര ചെയ്യുമ്പോൾ ഇടയ്ക്കിടയ്ക്കു വലിയ ഫ്ളക്സ് ബോർഡുകൾ കണ്ടു. ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ പരസ്യം. സി.എം.ഐ സന്യാസിമാർ നടത്തുന്ന സ്ഥാപനം എന്നു കൂടി പരസ്യത്തിൽ വായിച്ചു.

വൻകിട ആശുപത്രികൾ നടത്താൻ പ്രത്യേക പരിശീലനം ഇപ്പോൾ സി.എം.ഐ. ആശ്രമങ്ങളിൽ സന്യാസിമാർക്കു നൽകുന്നുണ്ടോ? വി. ചാവറ പിതാവ് മാന്നാനത്ത് ആശ്രമം തുടങ്ങുമ്പോൾ ഇങ്ങനെ ഒരു ലക്ഷ്യ പ്രഖ്യാപനം ചെയ്തതായി വായിച്ചിട്ടില്ല. കർത്താവ് കുഷ്ഠരോഗികൾക്കു സൗഖ്യം നൽകി. അന്ധർക്കു കാഴ്ചയും മുടന്തനു കാലിനു ബലവും കൊടുത്തു. രക്തസ്രാവക്കാരിക്ക് ആത്ഭുത രോഗശാന്തി നൽകി. സി. എം.ഐ. സന്യാസിമാരും ഈ മാർഗം സ്വീകരിക്കുന്നുവെങ്കിൽ തീർച്ച യായും അഭിനന്ദനം അർഹിക്കുന്നു.

യാത്ര തുടർന്നപ്പോൾ മാതാ അമൃതാനന്ദമയി ട്രസ്റ്റിന്റെ പരസ്യവും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ പരസ്യവും കണ്ടു. കൂടാതെ കിംസ്, റിംസ് തുടങ്ങി ഗൾഫ് മേഖലയിൽ നിന്നുള്ള പണം കൊണ്ടു നടത്തുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പരസ്യങ്ങളും കാണുകയുണ്ടായി. ഈ വൻകിട ആശുപത്രികൾ ഒന്നുംതന്നെ നാട്ടിലെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഉപകാരപ്രദമല്ല എന്ന ചിന്ത അലോസരപ്പെടുത്തി. എന്നാൽ യേശു സൗഖ്യം നൽകിയ രോഗികൾ തീർത്തും ദരിദ്രരായിരുന്നു. അപ്പോൾ സി.എം.ഐ. സന്യാസിമാർ ലക്ഷ്യം വയ്ക്കുന്നതു ക്രിസ്തു വിഭാവന ചെയ്ത ദൈവരാജ്യം തന്നെയാണോ? സംശയം തോന്നാൻ കാരണമുണ്ട്. ഇപ്പോൾ പരസ്യങ്ങളിൽ കണ്ട വൻകിട ആശുപത്രികൾ എല്ലാം ഏതാനും വർഷങ്ങൾക്കകം മെഡിക്കൽ കോളേജുകളായി ഉയരും. ലക്ഷങ്ങൾ, അല്ല കോടികൾ തന്നെ പ്രവേശ നത്തിനു പ്രതിഫലം വാങ്ങാം. വലിയ സമ്പാദ്യം പ്രതീക്ഷിച്ചുകൊണ്ടാണ് ആശുപത്രികൾ തുടങ്ങിയിരിക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ റോഡുകളിൽ മറ്റൊരു പരസ്യമാണ് എവിടെയും പ്രദർശിപ്പിച്ചിരിക്കുന്നത്. ബിലീവേഴ്സ് ചർച്ച് നടത്തുന്ന ആശുപത്രി ഏഷ്യയിലെ ഏറ്റവും വലിയ ആശുപത്രിയത്രേ! ഇതും മെഡിക്കൽ കോളജ് തുടങ്ങുമെന്നാണ് അറിയിപ്പ്. ബിലിവേഴ്സ് ചർച്ചിന്റെ അഭിവന്ദ്യനായ മെത്രാപ്പോലീത്തായുടെ ചിത്രവും പരസ്യത്തിലുണ്ട്. ഒരു ക്രിസ്തീയ സഭയുടെ പരമാധികാരി ആയതിനാൽ ഇതും ദൈവരാജ്യത്തിന്റെ പ്രഖ്യാപനം ആണല്ലോ.

മേൽപറഞ്ഞ പരസ്യത്തെക്കുറിച്ചു തിരുവല്ല പുഷ്പഗിരി ആശുപത്രിയുമായി ബന്ധപ്പെട്ട ഒരു പ്രമുഖ വൈദികനുമായി സംസാരിക്കാൻ അവസരം ലഭിച്ചു. പുഷ്പഗിരി അധികാരികൾ വലിയ ഉൽക്കണ്ഠയോടെയാണു പുതിയ ആശുപത്രിയുടെ വരവിനെ കാണുന്നത്. ഗൾഫിലെ മലയാളികൾ മക്കൾക്കുവേണ്ടി ഇപ്പോൾ തന്നെ കോടികൾ നൽകി സീറ്റ് ബുക്ക് ചെയ്തിരിക്കുകയാണ്. ആശുപത്രിവഴിയുള്ള വരുമാനത്തിൽ കുറവു കണ്ടു തുടങ്ങി. രൂപതയുടെ കട ബാധ്യതയും അത്ര ചെറുതല്ല. ചുരുക്കത്തിൽ ബിലിവേഴ്സ് ചർച്ച് മലങ്കര കത്തോലിക്കാ സഭയ്ക്കു ഭീഷണിയായിരിക്കുന്നു. ഭൗതിക താൽപര്യം വർദ്ധിച്ചാൽ സുവിശേഷ പ്രഘോഷകർക്കും സമാധാനം നഷ്ടപ്പെടുമെന്ന് ഈ സംഭവവികാസം തെളിയിക്കുന്നു. ദൈവരാജ്യമെന്നാൽ നാടുമുഴുവൻ മെഡിക്കൽ കോളേജുകളും എൻജിനിയറിംഗ് കോളേജുകളും ബിസിനസ് സ്കൂളുകളും ആകാശം മുട്ടെ ഉയരമുള്ള ദേവാലയങ്ങളുമാണെന്നാണു ഈ കാലഘട്ടത്തിലെ സുവിശേഷകരുടെ ധാരണ.

## ഈരാറ്റുപേട്ട അയ്യപ്പനു സ്വാഗതം

കോട്ടയം കളക്ടറേറ്റിന് എതിർവശത്തു കെ.കെ. റോഡിന്റെ തെക്കുവശത്തു കണ്ട ഒരു കൂറ്റൻ ഫ്ളക്സ് ശ്രദ്ധേയംതന്നെ. 'ഈരാറ്റുപേട്ട അയ്യപ്പനു സ്വാഗതം' എന്നു വായിച്ചപ്പോൾ ഒരു സംശയം. പൂഞ്ഞാർ പുലി എന്നു കേട്ടാൽ ആരെന്നറിയാം. പക്ഷേ ആരാണു ഈരാറ്റുപേട്ട അയ്യപ്പൻ? തുടർന്നുള്ള വാചകം; കൊപ്രത്തു ഭഗവതിയുടെ തിടമ്പ് വഹിക്കാൻ ആഗതനാകുന്ന ഈരാറ്റുപേട്ട അയ്യപ്പനു ഭക്തജനങ്ങളുടെ സ്വാഗതം! നെറ്റിപ്പട്ടം അണിഞ്ഞ് തല ഉയർത്തി നിൽക്കുന്ന സുന്ദരനായ കൊമ്പനാനയെ ഒന്നു നേരിട്ടുകാണുവാൻ തീർച്ചയായും ഭക്തജനം എത്തും.

ഒരു മാസം മുമ്പ് തിരുനക്കര ടൗണിലും ഫ്ളക്സ് ബോർഡു പരസ്യങ്ങൾ കണ്ടിരുന്നു. മഹാദേവന്റെ ആറാട്ടിനു മുന്നോടിയായി 22 ഗജവീരന്മാർ അണിനിരക്കുന്ന പകൽപൂരത്തിന്റെ പരസ്യമായിരുന്നു. ഉത്സവത്തിനു ആളുകൂടാൻ ഉദ്ദേശിച്ചുള്ള ഈ പരസ്യങ്ങൾ കണ്ടപ്പോൾ മേടമാസത്തിൽ ചില പ്രമുഖ ക്രിസ്ത്യൻ ദേവാലയങ്ങളുടെ പരിസരങ്ങളിൽ കാണുന്ന പരസ്യങ്ങൾ ഓർമ്മ വന്നു. കുതിരപ്പുറത്തിരുന്ന് പാമ്പിനെ

കൊല്ലുന്ന വിശുദ്ധൻ! ആനകളും വിശുദ്ധന്മാരുമൊക്കെ യഥാർഥ ദൈവ ത്തെക്കാൾ പ്രാധാന്യം നേടുകയാണു പരസ്യങ്ങളിലൂടെ.

'എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോടു ചോദിക്കുന്നതെന്തും നിങ്ങൾക്കു ലഭിക്കും' എന്ന ക്രിസ്തുവചനം മറന്നുകൊണ്ടാണു ക്രിസ്തു ഭക്തർ പുണ്യവാന്മാരുടെ ചിത്രങ്ങളും രൂപങ്ങളും തൊട്ടുമുത്തി പ്രാർഥി ക്കുന്നത്. തിരുവാഭരണങ്ങൾ അണിയിച്ച് വിശുദ്ധന്റെ വിഗ്രഹം പരസ്യ വണക്കത്തിനു വെയ്ക്കാൻ അനുമതി നൽകുന്ന സഭാധികാരികൾ ക്രിസ്തുഭക്തരെ വിഗ്രഹാരാധനയ്ക്കു പ്രേരിപ്പിക്കുകയാണ്, സംശയമില്ല. മകര മാസത്തിലെ അമ്പു പെരുന്നാളും വികലമായ വിഗ്രഹാരാധന തന്നെ. ഒന്ന് പൗരസ്ത്യരുടെ സംഭാവന മറ്റേതു പാശ്ചാത്യരുടെ വക.

കർത്താവിന്റെ ശിഷ്യന്മാരിൽ ചിലരും വളഞ്ഞ മാർഗത്തിൽ പണമു ണ്ടാക്കാൻ കഴിവുള്ളവരായിരുന്നു. ഭീഷണിപ്പെടുത്തി ചുങ്കം പിരിവു നട ത്തിയ മത്തായിയും പണസഞ്ചി കയ്യിൽ വച്ചിരുന്ന യൂദാസും കർത്താവ് ഒന്ന് അനുവദിച്ചിരുന്നെങ്കിൽ എത്രവേണമെങ്കിലും ഉണ്ടാക്കുമായിരുന്നു. പാപിനിയായ സ്ത്രീ പരിമള തൈലത്തിനു വേണ്ടി അധികം പണം ചെല വഴിച്ചതിനു പരിഭവപ്പെട്ട യൂദാസിനെ ക്രിസ്തു തിരുത്തി. അടുത്ത ദിവസം മുതൽ യൂദാസിനു ഒരു ബിസിനസ് തുടങ്ങാമായിരുന്നു. "പട്ടണത്തിലെ പാപിനികൾ ധൈര്യപൂർവം കടന്നുവന്ന് യേശു പാദങ്ങളിൽ തൈലം പൂശി പാപമോചനം നേടുക. ആവശ്യമായ സുഗന്ധ തൈലം മിതമായ നിരക്കിൽ ലഭ്യമാണ്.." ഇങ്ങനെ ഒന്നും സംഭവിച്ചില്ല. അഥവാ യേശു അതിനു സമ്മതിച്ചില്ല. എന്നാൽ ഇന്നത്തെ ചില വചനപ്രഘോഷകർ പല കൗശലങ്ങളും പ്രയോഗിക്കാറുണ്ട്. പതിനാറാം നൂറ്റാണ്ടിൽ പത്രോ സിന്റെ ബസലിക്കാ നിർമാണത്തിനു ധനം സ്വരൂപിക്കാൻ ദണ്ഡ വി മോചനകാർഡുകൾ ഇറക്കിയതുപോലെ ഇന്നും സമർഥരായ ചിലർ നമ്പർ ഇറക്കുന്നുണ്ട്. പൂർവികരുടെ പാപം പറഞ്ഞു ഭീഷണി ഉയർത്തി ആരാധനയ്ക്കു പണം പിടുങ്ങുന്ന ഒരു സംഭവം അറിഞ്ഞിട്ടുണ്ട്. മരുഭൂ മിയിൽ പിശാച് യേശുവിനെ പരീക്ഷിക്കാൻ സ്വീകരിച്ച തന്ത്രങ്ങൾ ഇന്നും ശക്തമായി തുടരുകയും തൽഫലമായി ഭൗതിക സാമ്രാജ്യങ്ങൾ വ്യാപ കമാകുകയും ചെയ്യുന്നു.

ഫ്ളക്സ് പരസ്യങ്ങൾ മനസ്സിൽ ഉണർത്തിയ കുറെ ചിന്തകളാണു ഇ വിടെ കുറിച്ചത്. യഥാർഥ ദൈവരാജ്യം നേരിട്ടു കാണുവാനാണ് ആഗ്രഹം.

◻◻

# ക്രിസ്തുവിന്റെ അധികാരദർശനം

**വർഗീസാന്റണി**

## അധികാരത്തിന്റെ ഉറവിടങ്ങൾ

അധികാരത്തെ വ്യക്തിപരമായ കാഴ്ചപ്പാടിലൂടെ നോക്കിയാൽ, ഒരുവന്റെ കരത്തിൽ അധികരിച്ച് (അധികമായി) എന്തൊക്കെയുണ്ടോ അതൊക്കെ അയാൾക്ക് ഓരോ അധികാരമായി മാറുന്നു. അധികമായുള്ളത് സമ്പത്താകാം, മെയ്ക്കരുത്താകാം, മനക്കരുത്താകാം, സൗന്ദര്യമാകാം. അതൊക്കെ അയാളിൽ ഓരോതരം അധികാരമായി മാറുന്നു. (ഇതൊക്കെയുണ്ടായിട്ടും ബുദ്ധനോ, ക്രിസ്തുവോ, ഗാന്ധിയോ അങ്ങനെയായില്ല. അതെല്ലാം കൈയൊഴിഞ്ഞു. സ്വയം അധികാരരഹിതനായി) അതുപയോഗിച്ച് അയാൾ മറ്റുള്ളവരെ തന്റെ വരുതിയിലാക്കുന്നു. അധികാരമുള്ളവൻ വിധാതാവും അധികാരമില്ലാത്തവൻ വിധേയനുമാകുന്നു. വിധേയന് നഷ്ടപ്പെടുന്നത് സ്വന്തം സ്വത്വവും സ്വാതന്ത്ര്യവുമാണ്. വൈരുദ്ധ്യമാണ് അധികാരത്തെ പ്രസവിക്കുന്നത്. മനുഷ്യൻ സാമൂഹികജീവിതം ആരംഭിച്ചതോടെ അധികാരം ജനിച്ചു. പ്രകൃത്യാലുള്ള വൈരുദ്ധ്യവും സാമൂഹ്യജീവിതത്താൽ സൃഷ്ടിക്കപ്പെട്ട വൈരുദ്ധ്യമുണ്ട്. വൈരുദ്ധ്യങ്ങളിലൂടെ ഏറ്റുമുട്ടലിലൂടെ അധികാരത്തിന്റെ രൂപവും ഭാവവും നിരന്തരം മാറിക്കൊണ്ടിരിക്കും. അധികാരത്തിന് വൈയക്തികതലവും സാമൂഹികമായ തലവുമുണ്ട്. അതിന് ആത്മീയവും ഭൗതികവുമായ രൂപമുണ്ട്.

ഗോത്രവ്യവസ്ഥയിൽ സോഷ്യലിസംവരെയുള്ളവ അധികാരത്തിന്റെ സാമൂഹ്യരൂപങ്ങളാണ്. ഭരണകൂടം അതിന്റെ മൂർത്തരൂപവും കേന്ദ്രവുമാണ്. വിശ്വാസ ആചാരങ്ങളുടെ സംഘടിതരൂപമാണ് ജാതിയും മതവും. അവ ആത്മീയമായ അധികാര രൂപങ്ങളാണ്. ദൈവമാണ് അവയുടെ കേന്ദ്രം. (ദൈവ കേന്ദ്രിതമല്ലാത്ത മതങ്ങളുണ്ട്. ഉദാ: ബുദ്ധ ജൈന മതങ്ങൾ). എല്ലാ അധികാരവ്യവസ്ഥയും നിലനിൽക്കുന്നത് അതിന്റെ വിധേയരിൽ ഭയവും അനുസരണവും ജനിപ്പിച്ചുകൊണ്ടാണ്. അങ്ങനെ നോക്കുമ്പോൾ ദൈവം അതീതങ്ങളിൽ കുടികൊള്ളുന്ന അദൃശ്യമായ അധികാര ശക്തിയാണ്. പ്രപഞ്ചനിയന്താവ്. പഴയനിയമത്തിലെ യഹോവ അങ്ങനെയുള്ള ദൈവമാണ്. ഭയത്തിന്റെയും വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ആവിഷ്ക്കാരങ്ങളാണ് മതങ്ങൾ സൃഷ്ടിച്ചിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾ. ഭയവും വിശ്വാസവും ഇല്ലാത്തവരും അതു ശീലിച്ചുകഴിഞ്ഞാൽ ഇത് യാന്ത്രികമായി അനുഷ്ഠിച്ചുകൊണ്ടിരിക്കും. യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും ഈ കാലത്ത് ഭൂരിഭാഗം പേരും അങ്ങനെ ചെയ്യുന്നവരാണ്. ജാതിയുടെയും മതത്തിന്റെയും പ്രമാണങ്ങളേയും പ്രവർത്തനങ്ങളേയും യുക്തിയും ശാസ്ത്രവും അറിഞ്ഞും അറിയാതെയും സ്വാധീനിക്കുന്നുണ്ട്. അവ പരിവർത്തനപ്പെടുന്നുണ്ട്. അതിന്റെ പ്രത്യക്ഷഫലങ്ങളിലൊന്നാണ് നവോത്ഥാനം.

## ക്രിസ്തുവിന്റെ നവദൈവസങ്കല്പം

ആത്മീയ അധികാരസ്ഥാപനങ്ങളോടാണ് ക്രിസ്തു ഏറ്റവും കൂടുതൽ കലഹിച്ചത്. ഭരണകൂടത്തെക്കാൾ മതമാണ് മനുഷ്യനെ കൂടുതൽ സ്വാധീനിക്കുന്നത്. മനുഷ്യന്റെ അബോധത്തിലാണ് മതം അതിന്റെ പിടി മുറുക്കിയിട്ടുള്ളത്. മനുഷ്യനെ മാറ്റണമെങ്കിൽ അവിടെത്തന്നെ പിടിക്കണമെന്ന് ക്രിസ്തുവിനറിയാം. ദൈവം എന്ന അതിഭൗതിക അധികാരഘടനയെത്തന്നെ ക്രിസ്തു പൊളിച്ചെഴുതി. ഇടപെട്ട മേഖലകളിലെല്ലാം തച്ചന്റെ, വാസ്തുശില്പിയുടെ സൂക്ഷ്മതയോടെ ക്രിസ്തു പ്രവർത്തിച്ചു. പഴയനിയമത്തിലെ യഹോവ എന്ന ഭയാനക ദൈവസങ്കല്പത്തെ ക്രിസ്തു തിരുത്തി. ഭയത്തിന്റെ സ്ഥാനത്ത് സ്നേഹത്തെ പ്രതിഷ്ഠിച്ചു. ഭയസ്വരൂപനായ ദൈവത്തെ ക്രിസ്തു സ്നേഹരൂപനാക്കി. അതിനർഥം ദൈവം സ്നേഹമാണ് എന്നാണ്. ആചാര അനുഷ്ഠാനങ്ങളിലും ക്രിസ്തു ഇടപെട്ടു. അതിന്റെ ഒരു ഉദാഹരണമാണ് "മനുഷ്യൻ സാബത്തിനുവേണ്ടിയല്ല, സാബത്ത് മനുഷ്യനുവേണ്ടിയാണ്" എന്നത്. ആചാര അനുഷ്ഠാനങ്ങൾ ദൈവമുണ്ടാക്കിയതല്ല. മനുഷ്യൻ ഉണ്ടാക്കിയതാണ്. ഓരോ കാലത്ത് ഓരോ ആവശ്യത്തിനുവേണ്ടി. ആവശ്യവും കാലവും മാറിയാൽ അവയെ മാറ്റണം. മാറ്റിയില്ലെങ്കിൽ അതു മനുഷ്യനെ മാറ്റും. മനുഷ്യനെ സർഗശൂന്യനാക്കും.

അധികാരവും അതിനോടുള്ള ഭയവും അതിന്റെ ഉച്ചനീചത്വവും നിലനിൽക്കുന്നിടത്ത് സ്നേഹത്തിന് നിലനില്പില്ല. സ്നേഹത്തിന് പ്രവർത്തിക്കാനാവില്ല. ഈ സ്നേഹശൂന്യതയ്ക്കെതിരെയാണ് ക്രിസ്തു കലഹിച്ചത്. സമൂഹമനസ്സിലും വ്യക്തിമനസ്സിലും സ്നേഹത്തിന് പ്രവർത്തിക്കാനുള്ള ഇടം ഉണ്ടാക്കാനാണ് ക്രിസ്തു നിരന്തരം യത്നിച്ചത്. നിലവിലുള്ള യഹൂദമതവും പൗരോഹിത്യവും അതിന്റെ ആചാര അനുഷ്ഠാനങ്ങളും ജീർണാധികാരമായി മാറി. അത് വ്യക്തികളെ വിധേയത്വമുള്ള അന്ധവിശ്വാസികളാക്കി മാറ്റി. വ്യക്തിത്വവും സ്വാതന്ത്ര്യവും വറ്റി. സ്നേഹം അന്യമായി. വ്യക്തിയും സമൂഹവും പരസ്പരം അന്യമായി. നഷ്ടപ്പെട്ട ഈ മൂല്യവ്യവസ്ഥയെ തിരിച്ചുപിടിക്കാൻ യഹൂദമതം എന്ന ആത്മീയ അധികാരവ്യവസ്ഥയോടും റോമാസാമ്രാജ്യം എന്ന ഭൗതിക അധികാരവ്യവസ്ഥയോടും ക്രിസ്തു കലഹിച്ചു. അതിന്റെ തിരിച്ചടിയാണ് കുരിശുമരണം. സ്നേഹം പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരാളോടുള്ള ഏറ്റവും സ്നേഹശൂന്യമായ പ്രതികരണം. ക്രിസ്തു നല്കിയത് സ്നേഹമാണ്. ക്രിസ്തുവിന് നല്കിയത് മരണമാണ്. പക്ഷേ സ്നേഹത്തിന് മരണമില്ല. "സ്നേഹം പ്രതിബന്ധം അറിയുന്നില്ല" എന്ന് ക്രിസ്തു.

സ്നേഹം സകല അധികാര രൂപങ്ങൾക്കും എതിരാണ്. ഉച്ചനീചത്വത്തിനും എതിരാണ്. മനുഷ്യജീവിതത്തെ യാന്ത്രികമാക്കുന്ന ആചാര അനുഷ്ഠാനങ്ങൾക്കും എതിരാണ്. അത് വ്യക്തിയെ സർഗാത്മകതയി

ലേയ്ക്കു നയിക്കുന്നു. അത് അവനെ നിർഭയനാക്കുന്നു. മുൻവിധികളെ റദ്ദാക്കുന്നു. തുല്യതയ്ക്കു വേണ്ടി പ്രവർത്തിക്കുന്നു. നീതിക്കുവേണ്ടി നിലകൊള്ളുന്നു. ത്യാഗത്തെ ഉയർത്തിപ്പിടിക്കുന്നു. സ്വാതന്ത്ര്യത്തെ സാക്ഷാത്കരിക്കുന്നു. സ്നേഹത്തെ ക്രിസ്തു മൂല്യവ്യവസ്ഥയുടെ കേന്ദ്ര ത്തിൽ പ്രതിഷ്ഠിച്ചു. ഇതൊക്കെ അന്യമായ ഇതിനെയൊക്കെ ഭയപ്പെ ടുന്ന ആധിപത്യവ്യവസ്ഥയുടെ ബലിയാടാണ് ക്രിസ്തു. അവിടെ മതവും ഭരണകൂടവും കൈകോർക്കുന്നു. സ്നേഹിക്കുന്നവനെ കൊല്ലാം. സ്നേഹത്തെ കൊല്ലാനാകില്ല, നീതിമാനെ കൊല്ലാം നീതിയെ കൊല്ലാ നാകില്ല. സ്വതന്ത്രനെ കൊല്ലാം. സ്വാതന്ത്ര്യത്തെ കൊല്ലാനാകില്ല. ഇത് ക്രിസ്തുവിന്റെ ഘാതകർക്കറിയില്ല. അതുകൊണ്ടാണ് അവർ ക്രിസ്തു വിനെ കുരിശിൽ തറച്ചത്. അവർ അന്ധവിശ്വാസികൾ കൂടിയാണ്. അതു കൊണ്ടാണ് ഉയിർത്തെഴുന്നേൽക്കാതിരിക്കാൻ അവർ ക്രിസ്തുവിന്റെ കല്ലറയിൽ ഭാരമേറിയ കല്ലുരുട്ടി വച്ചത്. കാവൽക്കാരനെ നിയോഗിച്ചത്. അവരുടെ ശിലീഭവിച്ച അന്ധതയുടെയും കാഠിന്യത്തിന്റെയും അടയാള മാണത്. അവർക്കു തെറ്റി. ഉയിർത്തെഴുന്നേറ്റത് ക്രിസ്തുവിന്റെ ശരീര മല്ല ക്രിസ്തുവിന്റെ സത്തയാണ്. ക്രിസ്തുവിന്റെ സ്നേഹദർശനമാണ്.

## ക്രിസ്തുവിന്റെ രാഷ്ട്രസങ്കല്പം

ക്രിസ്തുവിന്റെ രാഷ്ട്രസങ്കല്പമാണ് സ്വർഗരാജ്യം. സ്വർഗരാജ്യം നിർമിക്കാനുള്ള സംസ്കൃതപദാർഥമാണ് സ്നേഹം. ദൈവത്തെ സ്നേഹിക്കുക, അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ സ്നേഹി ക്കുക എന്നിങ്ങനെ ക്രിസ്തു സ്നേഹത്തെ നിരന്തരം ധാരകോരി. ഒരാ ളുടെ കരത്തിൽ അധികരിച്ച് ഉണ്ടാകേണ്ടത് സ്നേഹമാണ്. സ്വാതന്ത്ര്യ മാണ്. നീതിയാണ്, ത്യാഗമാണ്. അങ്ങനെയുള്ള ഒരുവന്റെ മനസ്സ് സ്വർഗ രാജ്യത്തിന്റെ മിനിയേച്ചർ പതിപ്പാണ്. അങ്ങനെയുള്ള മനുഷ്യർ കൂടി ച്ചേർന്ന ലോകമാണ് സ്വർഗരാജ്യം. ജാതിയോ മതമോ, ഭരണകൂടമോ ആവശ്യമില്ല. അവിടെ ഉച്ചനീചത്വവും ഹിംസയുമില്ല.

### യജമാനൻ ദാസനായിരിക്കുക

"നിങ്ങളിൽ യജമാനനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനായിരിക്കുക" എന്ന വാക്യത്തിൽ ക്രിസ്തുവിന്റെ അധികാരദർശ നത്തിന്റെ കാതൽ കാണാം. ഈ വാക്യത്തെ തിരിച്ചിട്ടാൽ ഇങ്ങനെയാ കും; നിങ്ങളിൽ ദാസനാകുവാൻ ആഗ്രഹിക്കുന്നവർ എല്ലാവരുടേയും യജമാനനായിരിക്കുക. നിലവിലുള്ള അധീശത്വഘടനയെ ഈ വാക്യ ത്തിലൂടെ ക്രിസ്തു കീഴ്മേൽ മറിച്ചു. അധികാരത്തിന്റെ വ്യക്തിതലവും സാമൂഹ്യതലവും ഈ വാക്യത്തിൽ ഉൾച്ചേരുന്നു. ദാസനാകുവാൻ ആഗ്ര ഹിക്കുന്നവൻ യജമാനനായാൽ ആ യജമാനത്വം ഹിംസാത്മകമാകുക യില്ല. അയാൾ അധികാരപ്രമത്തനാകുകയില്ല. അതുപയോഗിച്ച് അയാൾ അധികമായി ഒന്നും കരസ്ഥമാക്കുന്നില്ല. അവിടെ വിധാതാവും വിധേയ

നുമില്ല. അവിടെ തുല്യതയും നീതിയും സ്നേഹവുമുണ്ടാകും. അയാൾ അഭിപ്രായങ്ങള അടിച്ചേൽപ്പിക്കുന്നതിനു പകരം അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കും. അയാൾ കസേര ബാധിച്ച പിശാചല്ല. അപ്പോൾ ലോകം സ്വർഗരാജ്യമായി മാറും. പക്ഷേ ലോകത്തിൽ സംഭവിക്കുന്നതെല്ലാം മ റിച്ചാണ്. യജമാനനാകുവാൻ ആഗ്രഹിക്കുന്നവൻ ദാസനാകുന്നില്ല. ദാസ നാകാൻ ആഗ്രഹിക്കുന്നവന് യജമാനപദവിയിലെത്താനുമാകുന്നില്ല. അങ്ങനെയാണ് ലോകം ഇത്ര ഹിംസാത്മകമായത്. നരകരാജ്യമായത്. പക്ഷേ അതുകൊണ്ടൊന്നും ക്രിസ്തു പിന്മാറാൻ തയ്യാറല്ല. അതുകൊ ണ്ടാണ് ഞാൻ വീണ്ടും വരുമെന്നു പറഞ്ഞുപോയത്.

## സഭയും അധികാരവും

നിലവിലുള്ള കുടുംബഘടനയേയും സമൂഹഘടനയേയും രാഷ്ട്രീ യഘടനയേയും അഴിച്ചുപണിത വ്യക്ത്യാവബോധത്തേയും സാമൂഹ്യാ വബോധത്തേയും തിരുത്തിക്കുറിച്ച ക്രിസ്തു എന്ന റിബൽ മത ത്തിന്റെയും സഭയുടെയും ചട്ടക്കൂട്ടിൽ ഒതുങ്ങില്ല. ഒതുക്കാൻ ശ്രമിച്ചാൽ ക്രിസ്തുവിന്റെ ജൈവസത്ത ജഡമാകും. അതാണിന്ന് സഭയ്ക്കും പൗരോഹിത്യത്തിനും പള്ളിക്കും പറ്റിക്കൊണ്ടിരിക്കുന്നത്. കോടികൾ വാരിയെറിഞ്ഞ് പണിയുന്ന പടുകൂറ്റൻ പള്ളികൾ എങ്ങനെയാണ് പുൽക്കൂട്ടിൽ ജനിച്ച ക്രിസ്തുവിന്റെ ആലയമാകുന്നത്. വസ്ത്രത്തേ ക്കാൾ ശരീരവും ശരീരത്തേക്കാൾ ആത്മാവും ശ്രേഷ്ഠമത്രേ എന്നു പ റഞ്ഞ ക്രിസ്തുവിനെ എത്രമാത്രം സാക്ഷാത്ക്കരിക്കാൻ പറ്റുന്നുണ്ട്. പുൽക്കൂട്ടിലെ ജനനത്തിലൂടെ, ആകാശത്തിലെ പറവകളേയും വയലി ലെ ലില്ലിച്ചെടിയുടേയും ഉപമകളിലൂടെ, മലമുകളിലെ ഏകാന്തധ്യാന ത്തിലൂടെ ക്രിസ്തു ഉയർത്തിപ്പിടിച്ച പാരിസ്ഥിതികാവബോധം സഭയ്ക്ക് അന്യമല്ലേ? സ്കൂളുകളും കോളേജുകളും സ്ഥാപിച്ച് വിദ്യാഭ്യാസത്തിലും ജ്ഞാനവിജ്ഞാനമേഖലകളിലും സഭ ഇടപെടുന്നത് നല്ലതാണ്. പക്ഷേ അവിടെ ക്രിസ്തുവിനെ നവീനജ്ഞാനവിജ്ഞാനങ്ങളുടെ വെളിച്ചത്തിൽ വായിക്കുവാൻ കഴിഞ്ഞാലേ ക്രിസ്തുവിനോടു നീതി പുലർത്താൻ കഴി യൂ. ക്രിസ്തുവിന്റെ വെളിച്ചത്തിൽ നവീനജ്ഞാനവിജ്ഞാനങ്ങളേയും വായിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റേയും മതേതരത്വത്തിന്റെയും സോഷ്യലിസത്തിന്റേയും പുതിയ സന്ദർഭങ്ങളിൽ ക്രിസ്തുവിനെ കണ്ടെ ത്താൻ കഴിയണം. പകരം ചില സഭകൾ ക്രിസ്തുമത മൗലികവാദത്തി ലേയ്ക്കാണ് വീണുപോകുന്നത്. വിവരസാങ്കേതിക വിദ്യയുടെ ഈ കാലത്ത് സഭ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പുതിയ കാല ത്തോടും ലോകത്തോടും പ്രതികരിക്കുന്ന ക്രിസ്തുവിനെ കണ്ടെത്താൻ കഴിഞ്ഞാൽ സഭയ്ക്ക് ക്രിസ്തുവിനോട് നീതിപുലർത്താൻ കഴിയും. മതേ തരത്വം എന്ന ആശയം പള്ളിയിൽനിന്നും പുരോഹിതരിൽനിന്നും തുട ങ്ങട്ടേ. ഒറ്റപ്പെട്ട പലപുരോഹിതന്മാരും ഈ വഴിയിലൂടെ നീങ്ങുന്നുണ്ട്. പക്ഷേ അവർ ഒറ്റപ്പെടുകയാണ്. അവർക്ക് സഭയുടേയും വിശ്വാസികളു

ടേയും പിന്തുണ വേണം. അപ്പോൾ അത് മറ്റു മതങ്ങളും സ്വീകരിക്കും. അത് പുതിയൊരു ഇന്ത്യയെ സാധ്യമാക്കും. പുതിയൊരു ലോകത്തെ സാധ്യമാക്കും. അതാണ് ഇന്നത്തെ സ്വർഗരാജ്യം.

(കടപ്പാട് : അസ്സീസി മാസിക ഏപ്രിൽ 2015)

●●

# പൊതു അവധിദിനങ്ങൾ കുറയ്ക്കുന്നത് വികസ്വര രാഷ്ട്രത്തിന്റെ ലക്ഷണം: ജസ്റ്റിസ് കെ.ടി.തോമസ്

കോട്ടയം : പൊതു അവധിദിനങ്ങൾ കുറയ്ക്കുന്നതാണ് വികസ്വര രാഷ്ട്രത്തിന്റെ ലക്ഷണമെന്ന് ജസ്റ്റിസ് കെ.റ്റി.തോമസ്. ഒരു പുസ്തകത്തിന്റെ പ്രകാശനം നിർവഹിക്കാനെത്തിയ അദ്ദേഹം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു.

അവധിയോടുള്ള ആസക്തി അവലക്ഷണമായാണ് താൻ കാണുന്നത്. മതപരമായ പ്രാധാന്യമുള്ള ദിവസങ്ങൾ പൊതു അവധിയാക്കുന്നതിന് പകരം ആ മതത്തിൽപെട്ടയാളുകൾക്ക് അന്ന് അവധിയെടുക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുന്ന നിയന്ത്രിത അവധി ദിവസങ്ങളാക്കുന്നതാണ് അഭികാമ്യം. മതപരമായ അവകാശം സംരക്ഷിക്കപ്പെടുന്നതോടൊപ്പം രാജ്യത്തെ പ്രവർത്തിദിവസങ്ങളുടെ എണ്ണവും വർധിക്കും. അലസതയിൽ നിന്നും മാറി അധ്വാനിക്കുന്ന പുതുതലമുറയെ വാർത്തെടുക്കേണ്ട കടമ സമൂഹത്തിനുണ്ട്. തന്റെ ജന്മദിനം പൊതു അവധിയാക്കുന്നത് കുറ്റകരമാക്കണമെന്ന് മഹാത്മാഗാന്ധി 1938 ഒക്ടോബറിൽ ഹരിജൻ പത്രത്തിൽ എഴുതിയിരുന്നു. എന്നാൽ അദ്ദേഹത്തെ രാഷ്ട്രപിതാവാക്കിയശേഷം ആദ്യം ചെയ്തത് അദ്ദേഹത്തിന്റെ ജന്മദിനം പൊതുഅവധിയാക്കുകയായിരുന്നു.

രണ്ടരശതമാനം ക്രിസ്ത്യാനികൾ ഉള്ള കേരളത്തിൽ ദുഃഖവെള്ളിയാഴ്ച അവധിദിനമാകുമ്പോൾ അമ്പത്തിയെട്ടു ശതമാനത്തിലേറെ ക്രൈസ്തവരുള്ള അമേരിക്കയിൽ അന്ന് അവധി ദിനമല്ല. നൂറ് ശതമാനം ക്രൈസ്തവർ ഉള്ള ഓസ്ട്രേലിയയിൽ ഓശാന ഞായറാഴ്ച വേൾഡ് കപ്പ് ക്രിക്കറ്റ് മത്സരം നടത്തിയതിൽ അവിടെ ആർക്കും പരാതിയില്ലാതിരുന്ന കാര്യവും ജസ്റ്റിസ് ഓർമിപ്പിച്ചു.

ഹർത്താൽ ഭരണഘടനാവിരുദ്ധമാണെന്ന് കോടതി പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. നിയമനിർമാണസഭകൾ നിയമം നിർമിച്ച് അത് കുറ്റകരമാക്കിയെങ്കിലേ ശിക്ഷാർഹമാകൂ. ഹർത്താൽ കൊണ്ട് സംസ്ഥാനത്ത് നേട്ടമോ കോട്ടമോ എന്ന് വിലയിരുത്തി അതിലേതാണ് നല്ലതെന്ന് പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

# ആളുകളെ ആടുകളാക്കരുത്

**ഫാ. ജയിംസ് ഗുരുദാസ്**

മനശ്ശാസ്ത്രത്തിലെ ഒരു ചികിത്സാ വിധിയാണ് ആവർത്തിത ബോധനം (Suggestion): ഒരേ കാര്യം ആവർത്തിച്ചു പറഞ്ഞു ബോധ്യപ്പെടുത്തി, 'പറഞ്ഞു പട്ടിയാക്കുക' എന്നു കാരണവന്മാർ പറയാറില്ലേ, അതു തന്നെ. അതിന്റെ പശ്ചാത്തല കഥ അറിയാത്ത മലയാളികൾ അധികമുണ്ടാവില്ല. ആടിനെ വാങ്ങി വീട്ടിലേക്കു നടന്നു നീങ്ങിയ വൃദ്ധനെ കബളിപ്പിക്കാൻ നാലംഗ തസ്കരസംഘം ഒരുപായം പ്രയോഗിച്ചു. വൃദ്ധൻ വരുന്ന വഴിയരികിൽ നാലുപേരും പരസ്പരം അകലെയായി നിന്ന് ഒന്നിനു പുറകെ ഒന്നായി ചോദിക്കുന്നു. 'പട്ടിയെ കൊടുക്കുമോ' എന്ന്. ആദ്യത്തെ ആളോടു തട്ടിക്കയറിയ വൃദ്ധൻ നാലാമത്തെയാളുടെ ചോദ്യത്തോടെ ദൈവമേ തനിയ്ക്കമളി പറ്റിയല്ലോ എന്ന തോന്നലോടെ ആടിനെ വഴിയിലുപേക്ഷിക്കുന്നു. തസ്കരർ ആടിനെ കൊന്നു ശാപ്പിടുകയും ചെയ്യുന്നു.

## ഇടയന്മാരുടെ ആടുകൾ

ഇന്നു വൈദികരുടെ ദൃഷ്ടിയിൽ ആടുകളാണ് അല്മേനികൾ. പാപ്പായുടെയും മെത്രാന്മാരുടെയും സ്ഥാനാരോഹണ വേളയിൽ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വാക്കുകളെന്താണ്: "വലിയ ഇടയൻ" സാധാരണ വൈദികർ കൊച്ചിടയന്മാരാണെന്നു വ്യംഗ്യം. എങ്കിലും അവരും ഇടയർ തന്നെ. തങ്ങൾ ആടുകളാണെന്ന് അധികാരികൾ ആവർത്തിച്ചു പറയുമ്പോൾ അല്മേനികൾക്ക് അത് ബോധ്യപ്പെടുന്നു.

## ഇടയൻ: അപ്രസക്ത ജല്പനം

പുരോഹിതരെയും അല്മേനികളെയും ദ്യോതിപ്പിയ്ക്കാൻ ഇടയന്മാർ, ആടുകൾ എന്നീ രൂപകങ്ങൾ ഉപയോഗിക്കുന്നത് അപ്രസക്തം മാത്രമല്ല അനുചിതവും അപഹാസ്യവുമാണെന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകും.

യഹൂദർ തങ്ങളുടെ ദൈവമായ യഹോവയെ ഇടയൻ എന്നു വിളിച്ചു. തികച്ചും അർഥവത്തായ പൂജക വചനമാണത്. സർവ്വത്തെയും നയിക്കുന്ന ദൈവത്തോടു താരതമ്യപ്പെടുത്തുമ്പോൾ പരിപാലിക്കപ്പെടുന്നവരും നയിക്കപ്പെടുന്നവരുമായ മനുഷ്യർ ആടുകൾക്കു തുല്യമായണല്ലോ.

യേശുവിന്റെ ശിഷ്യർ തങ്ങളുടെ പരമഗുരുവായ യേശുവിനെ ഇടയൻ എന്നു വിളിച്ചു. മനസ്സിനെ ഭരിക്കുകയും നയിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന മഹാഗുരു തീർച്ചയായും ഇടയനു തുല്യനാണ്.

യോഹന്നാന്റെ സുവിശേഷം 10-ാം അധ്യായത്തിലെ മുഖ്യ പ്രമേയം ഇതാണല്ലോ; ഞാൻ ഇടയനാണെന്നു യേശു പറഞ്ഞില്ല. യേശു തങ്ങളുടെ ഇടയനാണെന്ന് ഭക്തരായ ശിഷ്യന്മാരാണ് പറഞ്ഞത്. പുതിയ നിയമത്തിൽ യേശുവിന്റേതായി 62-ഓളം പൂജകനാമങ്ങൾ (Predicates) കാണാം. ഇവയെല്ലാം യേശുവിന്റെ ഭക്തരായ ശിഷ്യർ പ്രയോഗിച്ചവയാണ്.

യേശുവിനെ സംബന്ധിച്ച് അവരുടെ സ്നേഹനിർഭരമായ പ്രഘോഷണം (Kerygma) ആണ് ഇതെല്ലാം. ആദ്യം അവർ യേശുവിനെ മിശിഹാ എന്നു വിളിച്ചു. ആ ഭക്തർ മിശിഹായെ അവസാനം ദൈവത്തിന്റെ വചനമെന്നും ഏകപുത്രനെന്നും വിളിച്ചു. അഞ്ചാം നൂറ്റാണ്ടുവരെ യേശുവിന്റെ പേരിൽ എഴുതിച്ചേർത്ത കാര്യങ്ങൾ സുവിശേഷങ്ങളിലുണ്ട്. മർക്കോസിന്റെ സുവിശേഷം 16:9-20 വരെയുള്ള ഭാഗങ്ങൾ എ.ഡി. അഞ്ചാം നൂറ്റാണ്ടിൽ എഴുതിച്ചേർത്തതാണെന്ന സത്യം ഏതെങ്കിലും ബൈബിൾ പണ്ഡിതനു നിഷേധിക്കാൻ കഴിയുമോ? എ. ഡി. 100-നും 110-നുമിടയിൽ രചിക്കപ്പെട്ട യോഹന്നാന്റെ സുവിശേഷത്തിലെ 'ഇടയൻ' 'ആട്' മുതലായ പദങ്ങൾക്കു നിത്യസത്യത്തിന്റെ പദവി കല്പിക്കുന്ന പുരോഹിതർ ഇക്കാര്യങ്ങളൊക്കെ ഓർക്കുന്നതു കൊള്ളാം. കാലഹരണപ്പെട്ട കാര്യങ്ങൾ ആവർത്തിക്കുന്നതു ബുദ്ധി ശൂന്യത തന്നെയാണ്.

സാമാന്യബുദ്ധിയുള്ള ഏതെങ്കിലും മനുഷ്യൻ ഇന്നു പുരോഹിതരെ ഇടയന്മാരും അല്മേനികളെ ആടുകളുമായി അവതരിപ്പിക്കുമോ? ഇടയൻ മനുഷ്യനല്ലേ. ആടുകൾ മൃഗങ്ങളും; മനുഷ്യന്റെ നിർവചനം 'ചിന്തിക്കുന്ന മൃഗം' (rational animal) ലത്തീനിൽ (animal rationale) എന്നാണ്. മൃഗത്തിനു ചിന്താശക്തിയില്ലല്ലോ. മനുഷ്യനാകുന്ന ഇടയൻ മൃഗങ്ങളാകുന്ന ആടുകളെ നയിക്കുന്നു. ആടുകൾക്കുവേണ്ടി ചിന്തിക്കുന്നതും തീരുമാനങ്ങളെടുക്കുന്നതും ഇടയൻ. ആടുകൾ ആ തീരുമാനങ്ങളനുസരിച്ച് നടക്കുകയും തീറ്റ തിന്നുകയും ചെയ്യുന്നു. ഇടയൻ ആടുകളെ പോറ്റുന്നതിന്റെ ഉദ്ദേശ്യങ്ങളെന്താണ്: കറക്കുക, ചെമ്മരിയാടുകളാണെങ്കിൽ രോമം കത്രിക്കുക; കോലാടുകളാണെങ്കിലും ചെമ്മരിയാടുകളാണങ്കിലും അവസാനം അവയെ തിന്നുക, അല്ലെങ്കിൽ കൊല്ലാൻ കൊടുത്തു കാശുണ്ടാക്കുക.

പലസ്തീനായിലെ മലമൂടന്മാർ (അംഹാആറേസ്) എന്നു പണിക്കരും പണ്ഡിതരും വിളിച്ചിരുന്ന ദരിദ്രരും മർദ്ദിതരും ചൂഷിതരുമായിരുന്ന ദൈവമക്കളുടെ വിമോചനത്തിനുവേണ്ടി സ്വജീവിതം സമ്പൂർണമായി സമർപ്പിച്ചതു നിമിത്തം ക്രൂശിക്കപ്പെട്ട യേശുവിനെ അനുസ്മരിച്ച് ശിഷ്യർ പറഞ്ഞു: "നല്ല ഇടയർ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു." ഇന്നത്തെ എത്ര പുരോഹിതരെപ്പറ്റി പറയാനാകും അവർ ജനങ്ങൾക്കുവേണ്ടി സ്വന്തം ജീവനർപ്പിക്കുന്നുവെന്ന്. അവരിൽ കുറെപ്പെരെങ്കിലും അല്മേനികളെ ആടുകളായി കണക്കാക്കി അവർക്കുവേണ്ടി തീരുമാന

മെടുക്കുന്നു, അവരുടെ അവകാശങ്ങളും അധികാരങ്ങളും നിഷേധിക്കുന്നു. ഒരു കൂട്ടം പുരോഹിതർ കറവക്കാരാണ്. അവർ ആടുകളെ ഇടിച്ചു കറക്കുന്നു. അതായത് താങ്ങാനാവാത്ത നിർബന്ധിതപ്പിരിവു നടത്തുന്നു. രോമം കത്രിക്കുന്നവരും കുറവല്ല. മനോഹരമായ ചെമ്മരിയാടിന്റെ രോമം കത്രിച്ചുകളഞ്ഞാൽ എത്ര വികൃതമായിരിക്കും അതിന്റെ രൂപം. സ്വന്തം അഹന്തയെയും ദുരഭിമാനത്തെയും പൂജിക്കാൻ വേണ്ടി അല്മേനികളുടെ അന്തസ്സും ആത്മാഭിമാനവും നശിപ്പിക്കുന്ന വിധം സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന വൈദികർ ആടുകളുടെ രോമം കത്രിക്കുന്നവർ തന്നെയാണ്. ആടുകളെ ശാരീരികമായി കൊല്ലുന്നില്ലെങ്കിലും മാനസികമായി കൊല്ലുന്ന ഇടയ വൈദികരുമുണ്ട്. സ്വർഗമാകുന്ന തളിരിലയിളക്കി മുമ്പേ നടന്നും നരകമാകുന്ന വടികൊണ്ട് പിന്നിൽ നിന്നടിച്ചും ആടുകളെ നയിക്കുന്നവരാണ് ബഹുഭൂരിപക്ഷം ഇടയവൈദികരും. പരമപിതാവായ ദൈവത്തിനു സ്വയം സമർപ്പിച്ചും പലർക്കുവേണ്ടി സ്വന്തം ജീവിതം ചിലവഴിച്ചും ജീവിച്ച് "പിതാവേ അങ്ങയുടെ തൃക്കരങ്ങളിൽ എന്നെ ഞാൻ സമർപ്പിയ്ക്കുന്നു" എന്നു പ്രാർഥിച്ചും സന്തോഷത്തോടെ മരിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്ന ആധ്യാത്മിക ഗുരുക്കന്മാരെ ആരും ആദരിക്കും. എന്നാൽ നിങ്ങൾ ആടുകളാണെന്ന് ആയിരംവട്ടം ആവർത്തിച്ചു പറഞ്ഞു സാധാരണ വിശ്വാസികളെ മാനസികമായി അടിമകളാക്കുന്ന മതസ്വേച്ഛാധിപതികൾക്കു യാതൊരു വിധ ഭാവിയുമില്ല. അതുപോലെ തന്നെ ആവർത്തിത ബോധനം വഴി അസത്യങ്ങളും അർദ്ധസത്യങ്ങളും അല്പസത്യങ്ങളും അതിവിശുദ്ധ സത്യങ്ങളാക്കി മനുഷ്യമസ്തിഷ്ക്കത്തിൽ അടിച്ചു കയറ്റാൻ തത്രപ്പെടുന്ന മതഭീകരർക്കും ഭാവിയില്ല.

## ഇടയവിജ്ഞാനീയത്തിന്റെ പാഠാന്തരങ്ങൾ

'ഇടയശാസ്ത്ര'ത്തെ അല്മേനികളുടെ മനസ്സിൽ അടിച്ചു കയറ്റുവാൻ പുരോഹിതർ പ്രയോഗിക്കുന്ന ചെപ്പടി വിദ്യകൾ പലതുണ്ട്.

അതിലൊന്നാണ് പുരോഹിതൻ 'മറ്റൊരു ക്രിസ്തു' (sacerdos alter christos) എന്ന സൂത്രവാക്യത്തിന്റെ ഉരുവിടൽ. പുരോഹിത പട്ടം നല്കുന്ന വേളയിൽ മിക്ക മെത്രാന്മാരും ആവർത്തിക്കുന്ന ഒരു സൂത്രവാക്യമാണിത്. അല്മേനികളിൽ ക്രിസ്തു ഉണ്ടോ, ഉണ്ടെങ്കിൽ ഏതളവിൽ, എത്ര ശതമാനം എന്നൊക്കെയുള്ള ചോദ്യങ്ങൾ ഇവിടെ പ്രസക്തമല്ലേ?

ഇടയവിജ്ഞാനീയത്തെ തന്ത്രപൂർവം പ്രചരിപ്പിയ്ക്കാനാഗ്രഹിക്കുന്നവർ വി. ഫ്രാൻസീസ് അസ്സീസ്സിയെയും കൂട്ടുപിടിക്കാറുണ്ട്. വൈദികപട്ടം സ്വീകരിക്കാൻ കൂട്ടാക്കാതെ ആജീവനാന്തം സാധാരണ സന്യാസിയായി ജീവിച്ച അദ്ദേഹം പറഞ്ഞിട്ടുണ്ടത്രെ. '' ഞാൻ ഒരു പുരോഹി

തനെയും മാലാഖയെയും ഒരുമിച്ചു കണ്ടാൽ ആദ്യം പുരോഹിതനു സ്തുതി ചൊല്ലും." പോരേ ഇതിൽപരം എന്തു മഹത്വം വേണം പുരോഹിതന്: ചിറകില്ലാത്ത മാലാഖ!

ഇടയവിജ്ഞാനീയം പ്രാർഥനയിൽ പൊതിഞ്ഞും വിതരണം ചെയ്യാറുണ്ട്. സീറോ മലബാർ സഭയിലെ ഏലിയ, സ്ലീവാ, മൂശ കാലങ്ങളിലെ ഒരു പ്രാർഥന നോക്കൂ. 'പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായെ ഞങ്ങളുടെ മേലധികാരികളിൽ നിന്നെ ദർശിക്കുവാനും അവരുടെ ആജ്ഞകളനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു."

ഇവിടെ രണ്ടു ചോദ്യമുദിക്കുന്നു. ഒന്ന്: യേശു എങ്ങനെയാണു നിയമങ്ങൾ (കൃത്യമായി പറഞ്ഞാൽ യഹൂദരുടെ തോറാ) പൂർത്തിയാക്കിയത്. ഒറ്റ ഉത്തരമേയുള്ളൂ.'സ്നേഹിക്കുക" എന്ന ഏക നിയമംകൊണ്ട് തോറയിലെ നിയമങ്ങളുൾപ്പെടെ യഹൂദർക്കുണ്ടായിരുന്ന 613 നിയമങ്ങളെയും സ്നേഹത്തിന്റെ ഏകനിയമംകൊണ്ട് അവിടുന്ന് അസാധുവാക്കി; അങ്ങനെ അവയെ പൂർത്തിയാക്കി. മതാധികാരികളെയും മതപണ്ഡിതരെയും നിശിതമായി വിമർശിച്ചുകൊണ്ടും തന്റേടപൂർവം ധിക്കരിച്ചുകൊണ്ടുമല്ലേ അവിടുത്തെ പിതാവായ ദൈവത്തിന്റെ ആജ്ഞ നിവർത്തിച്ചത്? ആർക്കെങ്കിലും സംശയമുണ്ടോ? യഹൂദക്രൈസ്തവർക്കുവേണ്ടി സുവിശേഷം രചിച്ച മത്തായിയെ യേശുവിന്റെ മുമ്പിൽ നിറുത്തി അവിടുത്തെ സുന്ദരമുഖം മറയ്ക്കുന്നതു നീതിയാണോ?

രണ്ടാമത്തെ ചോദ്യം; അല്മേനികൾ മേലധികാരികളിൽ യേശുവിനെ ദർശിച്ചു. അവരുടെ ആജ്ഞകളനുസരിക്കാൻ കടപ്പെട്ടവരെങ്കിൽ അവരിൽ യേശുവിനെ ദർശിക്കാൻ മേലധികാരികൾക്കു കടമയില്ലേ? ഏറ്റം ചെറിയവരിൽ ഒരാളോടു കാണിക്കുന്ന അവഹേളനം യേശുവിനോടു തന്നെ കാണിക്കുന്ന അവഹേളനമല്ലേ? അല്മേനികൾ ദൈവമക്കളല്ലേ? ദൈവമക്കൾ എന്ന പദവിയും ദൈവമക്കൾക്കു ചേർന്ന സ്വാതന്ത്ര്യവും അവരുടെ ജന്മാവകാശമല്ലേ?

പത്രോസ് എന്ന പാവം വലിയ ഇടയനെയും ഇവിടെ അനുസ്മരിയ്ക്കുന്നതു കൊള്ളാം. പൗലോസ് എന്ന ആടിനെ അനുസരിയ്ക്കാനുള്ള നന്മയും വിനയവും അദ്ദേഹത്തിനുണ്ടായിരുന്നല്ലോ. (ഗലാ. 2: 11–14)

പുരോഹിതർക്കു പത്രോസിന്റെ കാലത്തേയ്ക്കുള്ള യാത്ര ബുദ്ധിമുട്ടെങ്കിൽ നില്ക്കുന്നിടത്തുനിന്ന് പടിഞ്ഞാറോട്ടു നോക്കുക. അവരും ശുദ്ധവിശ്വാസികളും മാധ്യമങ്ങളും ഇപ്പോഴും വലിയ ഇടയൻ എന്നു വിളിക്കുന്ന ഫ്രാൻസിസ് പാപ്പയെ സൂക്ഷിച്ചു നോക്കുക. അദ്ദേഹത്തെ മനസ്സിലാക്കാൻ കഴിയുന്നവരാരും ഇനിമേൽ ആളുകളെ ആടുകളാക്കുകയില്ല.

(കടപ്പാട് : ജീവിത ദൗത്യം, ജനുവരി – മാർച്ച് 2015)

**പ്രിയ പുലിക്കുന്നേൽ സാർ,**

ജനുവരി – മാർച്ച് ലക്കം ഓശാന ലഭിച്ചു. നന്ദി. അനുമോദനങ്ങൾ. എന്റെ ലേഖനം പ്രസിദ്ധീകരിച്ചതിന് നന്ദിയുണ്ട്. സഭാനവീകരണത്തിന്റെ ശൈലിയിൽ എന്റെ സന്യാസജീവിത സുവർണജൂബിലി നടത്തുകയാണ്. അതിനൊരു ലേഖനം എഴുതിയിട്ടുണ്ട്. അതിന്റെ സ്വീകാര്യതയെക്കുറിച്ച് മനസ്സിലാക്കാനാകുമല്ലോ. എല്ലാവരും തങ്ങളുടെ ജൂബിലികളിൽ ഇത്തരമൊരു മാനം സ്വീകരിക്കട്ടെ എന്നു കരുതി എഴുതിയതാണ്. പലരും പറയും പ്രവർത്തിക്കുകയില്ല. ഞാനിത് പലർക്കും ഒരു മാതൃകയാകട്ടെ എന്ന് കരുതി എഴുതിയതാണ്. അല്ലാതെ ഞാൻ വൻകാര്യം ചെയ്യുന്നു എന്നു കൊട്ടിഘോഷിക്കാനല്ല. വിളക്കു കത്തിച്ച് പറയുടെ ഉള്ളിൽ വച്ചാൽ കാര്യമില്ല, മുകളിൽ വയ്ക്കണമല്ലോ. അത്രയേ ഉദ്ദേശിച്ചുള്ളു. അങ്ങയുടെ പ്രാർഥനയിൽ എളിയവനായ എന്നെ ഓർക്കണെ

സസ്നേഹം

ഫാ. ഡേവിസ് കാച്ചപ്പിള്ളി.

# സന്യാസ സുവർണജൂബിലിയും സഭാനവീകരണവും

ദരിദ്രരെ സമുദ്ധരിക്കുക, ദരിദ്രരുടെ പക്ഷം ചേരുക, ദരിദ്രർക്കുവേണ്ടി വാദിക്കുക, ദരിദ്രർക്കുവേണ്ടി ജീവിക്കുക എന്നീ ക്രിസ്തീയ ആദർശങ്ങൾ ലോകത്തിന് നൽകിയത് ദരിദ്രരിൽ ദരിദ്രനായി ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവാണ്. ആദിമസഭയിൽ ഈ ആദർശം വളരെ ശക്തമായി പരിപാലിക്കപ്പെട്ടിരുന്നു. പക്ഷേ, മൂന്നാം നൂറ്റാണ്ടുമുതലുള്ള കോൺസ്റ്റന്റൈൻ കാലഘട്ടത്തിൽ സമ്പത്തും അധികാരവും പ്രബലമായതോടെ സഭ ധനികരുടെ പക്ഷം ചേരാൻ തുടങ്ങിയെന്ന് പ്രസ്താവിക്കാനാകും. എന്നാൽ 1965 ലെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളാണ് സഭയെ ആദിമശൈലിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചത്. എങ്കിലും 17 നൂറ്റാണ്ടു കാലം സമ്പത്തിലും അധികാരത്തിലും വളർന്നുവന്ന സഭയ്ക്ക് കൗൺസിലിനു ശേഷം 50 വർഷം പിന്നിട്ടിട്ടും ആദിമസഭയെ തിരിച്ചു പിടിക്കാനായില്ലെന്നതാണ് സത്യം. ഈശോസഭാ സന്യാസിയായ ഫ്രാൻസീസ് മാർപാപ്പായുടെ ഭരണം സഭയെ ആദിമനൂറ്റാണ്ടിലെ സഭാശൈലിയിലേയ്ക്ക് നയിക്കാൻ കഠിനപ്രയത്നം ചെയ്തുകൊണ്ടിരിക്കയാണ്. തന്മൂലം ഫ്രാൻസീസ് പാപ്പ തലങ്ങും വിലങ്ങും പ്രഘോഷിക്കുകയും മാതൃക നൽകുകയും ചെയ്യുന്ന ആദർശമാണ് ദരിദ്രരുടെ പക്ഷം ചേരുക എന്നത്. നവസുവിശേഷവൽക്കരണത്തിന്റെ വലിയൊരാദർശവും പ്രായോഗിക മുഖവുമാണത്. സഭയുടെ കാണപ്പെടുന്ന നല്ലവനായ മാർപാപ്പായ്ക്ക് വിധേ

യപ്പെടാൻ മനസ്സുള്ള എല്ലാവരും തങ്ങളുടെ എല്ലാ നടപടികളിലും ആഘോഷങ്ങളിലും ദരിദ്രരോട് പക്ഷം ചേരാനുള്ള മാർഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു എന്നാണെന്റെ ബോധ്യം.

## "സഭനവീകരണസമകാലിക" വായനക്കാരെ,

ഞാൻ സി.എം.ഐ. സന്യാസ ജീവിതം ആശ്ലേഷിച്ചിട്ട് 2015-ൽ 50 വർഷം പൂർത്തിയാകുകയാണ്. "സുവർണജൂബിലി വർഷം" എന്നാണ് ഇതിനെ വിശേഷിപ്പിക്കുക. ജൂബിലിയുടെ നിറവിൽ എന്റെ വായനക്കാരെ സാക്ഷി നിർത്തിക്കൊണ്ട് എന്നെ ഞാനാക്കിയ നല്ലവനായ ദൈവത്തിനു മുമ്പിൽ കൃതജ്ഞതാനിർഭരമായ മനസ്സോടെ കൈകൂപ്പുന്നു! എപ്രകാരമാണ് സുവർണജൂബിലി ആഘോഷിക്കുകയോ, ആചരിക്കുകയോ ചെയ്യേണ്ടതെന്ന് ഞാൻ ചിന്തിച്ചു. 1999-ൽ എന്റെ പൗരോഹിത്യത്തിന്റെ 25-ാം വാർഷികം ആചരിച്ചത് ഞാനോർത്തു. കൊട്ടും കുരവയും സദ്യവട്ടങ്ങളും അനുമോദന സമ്മേളനങ്ങളും സാമൂഹ്യരാഷ്ട്രീയ മതനേതാക്കളുടെ നീണ്ട നിരയും ഇല്ലാതെ ഒരു ഞായറാഴ്ച എന്റെ ഇടവക പള്ളിയിലെ രണ്ടു പതിവ് കുർബാനകൾ അർപ്പിച്ച് സന്ദേശം നൽകി. കുർബാന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ എന്റെ മുൻകാല സഹപാഠികളും മറ്റ് പലരും. ' ഇതൊരു നല്ല തുടക്കമാണല്ലോ" എന്ന് പറഞ്ഞ് അനുമോദിച്ചു. ജൂബിലിസ്മാരകമായി ഒരു ലക്ഷം രൂപ പലരിൽ നിന്നായി സ്വരൂപിച്ച് ഞാൻ അന്ന് പ്രവർത്തിച്ചിരുന്ന സ്ഥലത്തെ ഒരു ദരിദ്രകുടുംബത്തിന്റെ ഓലമേഞ്ഞ വീട് ടെറസാക്കി കൊടുത്തു. ഈ ശൈലിയിൽ നിന്ന് തെന്നിമാറി ഇപ്പോഴത്തെ സുവർണജൂബിലി വളരെ ആർഭാടമായി ആചരിക്കാനുള്ള പല പ്രലോഭനങ്ങളും ഉണ്ടാകുന്നുണ്ടെങ്കിലും മുൻകാലശൈലിയിൽ ഉറച്ചുനിൽക്കാനാണ് എന്റെ തീരുമാനം. അതിനനുയോജ്യമായ നല്ല സാഹചര്യം ലോകത്തിലെ ഏറ്റവും വലിയ ക്രൂശിതരൂപം സ്ഥാപിക്കപ്പെട്ടിരിക്കുന്ന (1936) കോഴിക്കോട്ടെ കടലുണ്ടി കാൽവരിഹിൽസ് ആശ്രമസുപ്പീരിയർ എന്ന നിലയിൽ എനിക്കിപ്പോൾ ലഭിച്ചിരിക്കുകയാണ്.

കടലുണ്ടി പഞ്ചായത്തിൽ രണ്ടായിരത്തോളം കുടുംബങ്ങളുണ്ട്. അതിൽ ആകെയുള്ള 28 കത്തോലിക്കാ കുടുംബങ്ങളുടെ ഇടവകയാണ് കടലുണ്ടി സെന്റ് പോൾ ഇടവക. ഞാൻ വികാരി ജോലി ഏറ്റെടുത്ത 2014 ജൂണിൽ ഭവന സന്ദർശനം നടത്തി. 28 കുടുംബങ്ങളിൽ 5 കുടുംബം ജീവിക്കുന്ന വീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. അവയെ പുനരുദ്ധരിക്കുക എന്നത് എനിക്ക് അസാധ്യമാണെങ്കിലും സർവശക്തനായ ദൈവത്തിന് ഈശോയിൽ അവയെ സമർപ്പിച്ച് പ്രാർഥിച്ചുകൊണ്ടിരുന്നു. ദൈവം ഇറങ്ങി വന്ന അനുഭവം.

"ചാവറ വർഷത്തിൽ" പ്രവിശ്യയുടെ കെ.ഇ.എസ്. എസ്. എന്ന സാമൂഹ്യ സേവന പ്രസ്ഥാനം തീരുമാനിച്ചത് കടലുണ്ടി ഇടവകയിലെ

ദരിദ്ര കുടുംബങ്ങളെ സഹായിക്കുക എന്നതായിരുന്നു. 5 വീടുകൾക്കും അടിസ്ഥാന സൗകര്യം ഉണ്ടാക്കുക എന്ന പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുക്കയാണ്. ഫ്ളോറിംഗ്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ വീട്ടുകാരുടെ ചുമലിലാണ് എന്നത് മറ്റൊരു പ്രശ്നം. അവർക്കത് ചെയ്യാൻ എത്രവർഷം കാത്തിരിക്കേണ്ടിവരും എന്ന് കണക്കു കൂട്ടാനാകില്ല. അവരുടെ സാമ്പത്തിക സ്ഥിതി അപ്രകാരമാണ്. ഈ തിരിച്ചറിവ് ദൈവം എനിക്കു നൽകിയപ്പോൾ അക്കാര്യം ജൂബിലി സ്മാരകമായി ഈശോയ്ക്ക് സമർപ്പിച്ചു. ഇക്കാര്യത്തിന് ഓരോ വീടിനും ശരാശരി ഒന്നരലക്ഷമെങ്കിലും വേണ്ടിവരും. അതുകൊണ്ട് ജൂബിലി വർഷത്തിൽ ഏഴര ലക്ഷം മുന്നിൽ കണ്ടുകൊണ്ടുള്ളൊരു ഓട്ടത്തിന് വിസിലടിച്ചിരിക്കുകയാണ്. ക്രിസ്തുവിന്റെ ”ഉദാരസ്നേഹം” അതിനെന്നെ നിർബന്ധിക്കുകയാണ്. ”സഭാനവീകരണസമകാലിക” വായനക്കാർ എന്നോടൊപ്പം ഓടാനുണ്ടാകും എന്ന പ്രതീക്ഷയാണ് എനിക്ക് ലഭിക്കുന്ന പ്രചോദനവും പ്രോത്സാഹനവും.” ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്നത് എനിക്കുതന്നെയാണ് ചെയ്യുന്നത്” എന്ന ഗുരുവചനം എന്റെ ചെവികളിൽ മന്ത്രിച്ചുകൊണ്ടിരിക്കുന്നു.

എന്റെ പ്രിയപ്പെട്ട വായനക്കാർക്കാകുന്ന “കൊച്ചുനാണയം” ഫാ. ഡേവീസ് കാച്ചപ്പിള്ളി എന്ന പേരിൽ ക്രോസ് ചെയ്ത ചെക്കായി Fr. Davis Kachappilly, St. Paul's House Calvary Hills, Kadalundi P. O., Calicut - 673 302 എന്ന അഡ്രസ്സിൽ അയച്ച് ഈ ഓട്ടം പൂർത്തിയാക്കാൻ സഹായിക്കണം എന്നാണെന്റെ അപേക്ഷ. വിദേശപണം അയയ്ക്കുന്നവർ Fr. Prior. St. Paul's Monastery, Kadalundi എന്നാണ് ചെക്കിൽ എഴുതേണ്ടത്. ഈ പേരിൽ മാത്രമാണ് വിദേശപണം സ്വീകരിക്കാൻ ഗവൺമെന്റിന്റെ അനുവാദം ലഭിച്ചിരിക്കുന്നത്. എന്റെ സന്യാസ സുവർണജൂബിലി ആചരണവുമായി ബന്ധപ്പെട്ട് എനിക്കാകുന്ന പ്രായോഗിക സഭാനവീകരണമായി ഞാനിതിനെ കാണുന്നു. സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നമുക്കെല്ലാവർക്കും ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം

ഫാ. ഡേവീസ് കാച്ചപ്പിള്ളി

മാതൃകാപരമായ ഈ ജൂബിലി ആഘോഷത്തിന് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു. കഴിവുള്ളവർ ഈ സംരംഭത്തെ കയ്യയച്ചു സഹായിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ജോസഫ് പുലിക്കുന്നേൽ)

# ഒരു കത്ത്

**സെബാസ്റ്റ്യൻ മാത്യൂ**

വളരെക്കാലത്തെ ഇടവേളയ്ക്കുശേഷം 'ഓശാന' കയ്യിൽ കിട്ടിയപ്പോൾ ഒരു നീരുറവ പൊട്ടി വരുന്നതുപോലയാണ് തോന്നിയത്. കത്തോലിക്കാ സഭാനേതൃത്വത്തിന് ഇപ്പോൾ നൂറുകണക്കിന് പ്രസിദ്ധീകരണങ്ങളുണ്ടെങ്കിലും അൽമായരുടേതായി സ്വതന്ത്രമായ ഒരു പ്രസിദ്ധീകരണം ഓശാന മാത്രമാണ്. സഭയുടെ നിലവിലുള്ള പ്രസിദ്ധീകരണങ്ങൾക്കുപുറമെ ഇപ്പോൾ എല്ലാ രൂപതകളും ആഴ്ചയിൽ ഒന്നുവീതം പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിന്റെ എഡിറ്ററും ചീഫും മാനേജിംഗ് എഡിറ്ററുമെല്ലാം മതമേലധ്യക്ഷന്മാർതന്നെ. അപ്പോൾ അവർക്ക് പത്രസ്ഥാപനങ്ങൾക്കുള്ള ആനുകൂല്യവും അക്രഡിറ്റേഷനും ലഭിക്കുന്നു. ഈ വാരികകളും മാസികകളും മറ്റു പ്രസിദ്ധീകരണങ്ങളുമെല്ലാം പാവം അൽമായരുടെ തലയിലാണ് കെട്ടിവെയ്ക്കുന്നത്. എന്നാൽ അൽമായർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒന്നുമില്ലതാനും.

ഇപ്പോൾ ഇടവകകളിൽ വിവിധ കുടുംബയൂണിറ്റുകളുണ്ട്. മാസത്തിൽ ഒരു ദിവസം ഈ യൂണിറ്റിലുള്ള ഒരു വീട്ടിൽ എല്ലാവരും കൂടുകയും പ്രാർഥിക്കുകയും ലഘു ഭക്ഷണം കഴിച്ച് പിരിയുകയുമാണ് പതിവ്. എന്നാൽ സമ്പന്നർ പലരും ഇതിൽ ബിരിയാണിയും ചോറും നൽകാറുണ്ട്. ഇതുകണ്ട് മറ്റുള്ളവരും ഇത് പിൻതുടരാറുണ്ട്. അങ്ങനെ ഇത് ഒരു ചിലവേറിയ പരിപാടിയായി മാറാറുണ്ട്. കൂടാതെ വാർഷികവും മറ്റും അൽമായരുടെ പോക്കറ്റ് കാലിയാക്കുന്ന പരിപാടിയാണ്. പൊതുവെ പലരും ഭയംമൂലം ഇതിനെതിരെ ശബ്ദിക്കുന്നില്ല.

കത്തോലിക്കാസഭക്ക് ഒരു കാലഘട്ടത്തിൽ സാമൂഹ്യമാറ്റത്തിനുവേണ്ടി പ്രവർത്തിച്ച പാരമ്പര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് സമൂഹത്തിൽ എന്തു നടന്നാലും അതിനോട് സംവദിക്കാനോ, പ്രതികരിക്കാനോ സഭാ നേതൃത്വത്തിനു കഴിയുന്നില്ല. സഭയിൽ അൽമായരുടെ ഒരു നേതൃത്വത്തെ ഉണ്ടാക്കിയെടുക്കാൻ ഇവർ മെനക്കെടുന്നില്ല. ഇതിനുള്ള കാരണം യജമാനനേക്കാൾ വലിയ ഭൃത്യരുണ്ടാകുമെന്ന് പേടിച്ചിട്ടാണ്. ആത്മീയ നേതൃത്വത്തിന് സംസ്ഥാനതലത്തിലും ദേശീയ തലത്തിലും സംഘടനകളുണ്ടല്ലോ. ഇതുമൂലം കഴിവുള്ളവരൊക്കെ മറ്റു രാഷ്ട്രീയ പാർട്ടികളിൽ അഭയം തേടുന്നു. ഇപ്പോൾ ബി.ജെ.പി.യിൽ വരെ ക്രിസ്ത്യാനികൾ ധാരാളം ചേരുകയും നേതൃത്വത്തിലെത്തുകയും ചെയ്യുന്നുണ്ട്. മറ്റു സമുദായക്കാർ അവരുടെ അംഗങ്ങളെ അണിനിരത്തി അവരുടെ അവകാശങ്ങൾ നേടിയെടുക്കുമ്പോൾ സഭാ നേതൃത്വം അധികാരകേന്ദ്രങ്ങളുടെ അകത്തളങ്ങളിൽ കയറി അൽമായർക്കു ലഭിക്കേണ്ട ന്യൂനപക്ഷാവകാശങ്ങൾ കൈവശപ്പെടുത്തി സ്ഥാപനങ്ങളും, കോഴ്സുകളും സംഘടിപ്പിക്കുന്നു.

കുറെ കാലങ്ങളായി സർക്കാരുമായി ഒത്തുകളിച്ച് പ്രൊഫഷണൽ കോളേജുകളിലെ 100% സീറ്റും വിറ്റ് 50% മെറിറ്റിൽ വരുന്നവർക്കു

നല്കാതെ സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്നുദ്ഘോഷിച്ച് ക്രിസ്തു സന്ദേശത്തെ പരിഹസിക്കുകയാണ്.

പത്തും പതിനഞ്ചും വർഷം ദൈവശാസ്ത്രം പഠിച്ച് സർവതും ത്യജിച്ച് സേവനത്തിന് വരുന്നവർ ഇപ്പോൾ സഭയുടെ എയ്ഡഡ്, അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ മുഴുവൻ ജോലിയും കൈയടക്കുകയാണ്. ഇവരുടേതു കഴിഞ്ഞുള്ളവ ഇവരുടെ ബന്ധുക്കൾക്കും ആശ്രിതർക്കും മറ്റുള്ളവ സമ്പന്നർക്കും വീതിച്ചു നൽകി മാറിയ കാലഘട്ടത്തിലെ 'ക്രിസ്തുസന്ദേശം' പ്രചരിപ്പിക്കുന്നു. ഇതുമൂലം വൻസമ്പത്ത് ഇവർക്ക് ലഭിക്കുകയും ഇവരുടെ വ്രതങ്ങളെല്ലാം മറന്ന് തീവ്ര ഭൗതികതയിലേയ്ക്ക് പോകുകയും ചെയ്യുന്നു. അടുത്തകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന ലൈംഗികാരോപണങ്ങൾ ഇത് ശരിവെക്കുന്നു. അൽമായർക്ക് വിശ്വസിച്ച് കുട്ടികളെ പള്ളിയിലേയ്ക്ക് പറഞ്ഞയയ്ക്കാൻ ഭയമായിതുടങ്ങി

സഭയിൽ ഇന്ന് നിലനിൽക്കുന്നത് ആർഭാടമാണ്. അൽമായരിൽനിന്നും പല കാരണങ്ങൾപറഞ്ഞ് പിരിവ് നടത്തുകയും (പല സ്വാശ്രയകോളേജുകളും ഇങ്ങനെ പണം പിരിച്ചാണ് തുടങ്ങിയിട്ടുള്ളത്) പള്ളികൾ കോടികൾ മുടക്കി നിർമിക്കുകയുമാണ്. ഇടപ്പള്ളി പള്ളിക്ക് '50' കോടിയായെന്നാണ് വാർത്ത. കുന്നംകുളത്തുനിന്നും തൃശൂർക്കുള്ള വഴിയരികിലുള്ള ഒരു പള്ളി, കഴിഞ്ഞദിവസം അതുവഴി പോയപ്പോൾ അത് അവിടെ നിന്നതിന്റെ പൊടിപോലും കാണാൻ കഴിഞ്ഞില്ല. ഇനി ഇതൊക്കെ ഉണ്ടാക്കലും സംരക്ഷിക്കലും അൽമായരുടെ തലയിലാണ്. ജർമ്മനിയിൽ ആഡംബരമെത്രാനെ അടുത്തകാലത്തു നീക്കിയിരുന്നു. ഇതിന്റെ പേരിലാണെങ്കിൽ കേരളത്തിൽ ഈ പട്ടികയിൽ പെടുന്നവർ ധാരാളമുണ്ട്.

അന്താരാഷ്ട്രതലത്തിൽ സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും യുദ്ധവും അതേത്തുടർന്ന് കേരളീയരുടെ തിരിച്ചുവരവ് വ്യാപകമാകുമ്പോഴും (അതിൽ കൂടുതലും ക്രിസ്ത്യാനികൾ) കൂടാതെ കേരളത്തിൽ റബറിന്റെ വിലയിടിവും മറ്റു കാർഷികമേഖലയുടെ തകർച്ചയുംകൊണ്ട് പൊറുതി മുട്ടുമ്പോഴും അതൊന്നും ഞങ്ങൾക്ക് ബാധകമല്ലെന്ന നിലപാടെടുക്കുന്ന നേതൃത്വം, അൽമായരെ സംബന്ധിച്ചിടത്തോളം ഫലമില്ലാത്ത വൃക്ഷത്തെയാണ് ഓർമപ്പെടുത്തുന്നത്.

ക്രിസ്തുവിനെ പിശാച് പരീക്ഷിച്ചപ്പോൾ എന്നെ ആരാധിച്ചാൽ ഈ രാജ്യവും സമ്പത്തും നൽകാമെന്നു പറഞ്ഞിട്ടും, ക്രിസ്തു എന്റെ രാജ്യം ഐഹികമല്ലെന്ന് പറഞ്ഞ് അതെല്ലാം തട്ടിത്തെറിപ്പിച്ചു. എന്നാൽ ഇന്നത്തെ നേതൃത്വം സമ്പത്തിനും പ്രശസ്തിക്കും പുറകെ പോകുന്നതുകാണുമ്പോൾ ക്രിസ്തു പറഞ്ഞ ഒരു വാക്യം ഓർമവരുന്നു. നിങ്ങൾ ദൈവത്തെയും മാമോനെയും ഒരുമിച്ച് ആരാധിക്കരുത്. ഒന്നിനെ സ്വീകരിക്കുക,. ഇനിയെങ്കിലും നേതൃത്വം കാലത്തിനൊപ്പമെങ്കിലും സഞ്ചരിക്കാൻ ശ്രമിക്കുക. രാഷ്ട്രീയ പാർട്ടികൾപോലും തെറ്റുതിരുത്തൽ നടത്തുമ്പോൾ സഭാ നേതൃത്വത്തിനും അതിനെപ്പറ്റി ആലോചിക്കാം.

●●

# www.josephpulikunnel.com സജീവമായി

ജോസഫ് പുലിക്കുന്നേലിന്റെ 83-ാം പിറന്നാളായിരുന്ന 2015 ഏപ്രിൽ 14 മുതൽ www.josephpulikunnel.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ പോസ്റ്റുകൾ അനുദിനം ആഗോളശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു ഫേസ്ബുക്ക് പേജും തുടങ്ങിയിട്ടുണ്ട്: https://www.facebook.com/pages/Joseph-Pulikunnel/768665796562024. സന്ദർശിച്ച് like ചെയ്യുമല്ലോ.

ജാതിമതഭേദങ്ങൾക്കതീതമായി ആഗോളവ്യാപകമായി ശ്രദ്ധിക്കപ്പെടേണ്ട യേശുദർശനത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ 'ഓശാന' എന്ന പരിമിതമായ പ്രചാരം മാത്രമുള്ള ഒരു മാസികയിലോ അതിന്റെ വായനക്കാരിൽമാത്രമോ ആയി ഒതുങ്ങേണ്ടവയല്ല. കേരളസഭയ്ക്കും സഭാ ചരിത്രത്തിനും അദ്ദേഹം നല്കിയിട്ടുള്ളതും വരുംകാലങ്ങളിൽ നല്കാനിടയുള്ളതുമായ സേവനങ്ങൾ ചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും നാളെ വിഷയമാകും.

1975 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ഓശാന മാസികയുടെ ആദ്യലക്കത്തിലെ എഡിറ്റോറിയൽ മുതൽ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ലേഖനവും രണ്ട് ഉദ്ധരണികളും വീതം പ്രസിദ്ധീകരിച്ചുകൊണ്ട് വെബ് ലേഖന പ്രകാശനം പൂർത്തിയാകാൻ അഞ്ചു വർഷത്തിലേറെ വേണ്ടിവരും. അദ്ദേഹം എഴുതിയിട്ടുള്ള മറ്റു കൃതികളും അദ്ദേഹവുമായി നടത്തപ്പെട്ടിട്ടുള്ള അഭിമുഖങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള വീഡിയോകളും എല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാം സമാഹരിച്ചു കഴിഞ്ഞാലും പ്രതികരണങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഈ സൈറ്റ് സജീവമായിരിക്കും.

സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും സഭാചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്രദമാകണം എന്ന വ്യക്തമയ ഉദ്ദേശ്യത്തോടെ, ലേഖനങ്ങളിലെ വിഷയങ്ങൾ സൂചിപ്പിക്കുന്ന അടിക്കുറിപ്പുകളോടെ, കാലക്രമമനുസരിച്ചാണ് ഈ ലേഖനങ്ങൾ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത്.

സൈറ്റ് അഡ്മിനിസ്ട്രേഷന്റെ ചുമതല നിർവഹിക്കുന്നത് ശ്രീ. ജോസാന്റണി ആണ്. ഇതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

എന്ന്

പത്രാധിപസമിതി

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2015 മാർച്ച് 31-ാം തീയതി വരെ 4,43,046/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 001005300005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 237137, 236269; E-Mail Address : hosanna@sify.com. രസീത് ആ അഡ്രസ്സിൽ അയ യ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975



## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ
   (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians
   ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ
   -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്)
   ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " Rs. 80
11. Identity of Nazrani Church of Kerala " Rs. 75
12. ആരാധനാക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas
    Christians in the Pre-portuguese period - a study
    Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്)
    -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " Rs.120
18. യേശുവും സഭയും -ജോർജ് മുലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം
   (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10